"എർലി ബേർഡ്" ടെലഗ്രാഫ് സിഗ്നലുകൾ റിലേചെയ്തു

(റോയിട്ടർ) വാഷിംഗ്ടൺ ഏ. 13
'നൂ എർളി ബേർഡ്' എന്ന ഉപഗ്രഹംവഴി ഇന്നലെ ബ്രിട്ടനും അമേരിക്കയും തമ്മിൽ വിജയകരമായ നിലയിൽ ടെലഗ്രാഫ് സിഗ്നലുകൾ റിലേ ചെയ്തതായി ഉപഗ്രഹ ഭാരവാഹികൾ വെളിപ്പെടുത്തിയിരിക്കുന്നു.

eg: No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor T. O. Mathew M. A. :: Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റുചെയ്തി	പോസ്റ്റുചെയ്യാതെ
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അധികം		2_10
കാരപ്രതി	0_07	0_10

മാനേജർ.

മുന്നൂറ്റം 12 | ലക്കം 101 | 1965 ഏപ്രിൽ 14 ബുധൻ | തൃശ്ശൂർ | വില 7 പൈസ | പേജ് 4

പ്ലാൻ പൊളിഞ്ഞപ്പോൾ ചർച്ചയ്ക്കു തയ്യാറായി

പാക്കിസ്ഥാന്റെ പരിഹാസ്യമായ നിലപാടിനെപ്പറ്റി ലോകസഭയിൽ നന്ദയുടെ പ്രഖ്യാപനം

സർദാർപോസ്റ്റ് ഇന്ത്യൻസേന തിരിച്ചുപിടിച്ചു

(പി ടി ഐ) ന്യൂഡൽഹി, ഏപ്രിൽ 13

കച്ച്-സിന്ധ് അതിർത്തിയിലെ സംഭവങ്ങളെക്കുറിച്ച് ഇരുഗവണ്മെണ്ടുകളും തമ്മിൽ, ആദ്യം ഓഫീസർതലത്തിലും പിന്നീട് മന്ത്രിസഭാതലത്തിലും, ചർച്ചകൾ നടത്താൻ കറാച്ചിയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറോട് പാക്കിസ്ഥാൻ ഗവണ്മെണ്ട് ഏപ്രിൽ 10-നു നിർദ്ദേശമുന്നയിക്കയുണ്ടായെന്നും ആഭ്യന്തരമന്ത്രി നന്ദ ഇന്നലെ ലോകസഭയിൽ വെളിപ്പെടുത്തിയിരിക്കുന്നു.

ഈ ചർച്ചകൾക്കു നാം തയ്യാറാണെന്നു നന്ദ പറഞ്ഞു.

ഇതേ നിർദ്ദേശംതന്നെ ആദ്യം ഫെബ്രു. 18-നും പിന്നീട് മാർച്ച് 11-നും ഇന്ത്യ ഉന്നയിച്ചിരുന്നതാണ്. പക്ഷേ ഇന്ത്യൻ അതിർത്തിപോലീസിനെറമേൽ ഒരാക്രമണം അഴിച്ചുവിട്ടതിനുശേഷമാണ് നിർദ്ദേശം സ്വീകരിക്കാൻ ഇപ്പോൾ പാക്കിസ്ഥാൻ മുന്നോട്ടുവന്നിരിക്കുന്നതു്.

(ഇന്ത്യൻ പ്രദേശത്തിന്റെ 1000വാര ഉള്ളിൽ സ്ഥിതിചെയ്യുന്ന സർദാർ പോസ്റ്റിനടുത്തേയ്ക്കു ഏപ്രിൽ 9-നു തിയതി പാക് റെഞ്ചർ ആർമിയുടെ രണ്ടു് ബറാലിയൻകൊ ആക്രമണം നടത്തുകയുണ്ടായി. ഇന്ത്യൻസേന അവരെ പിന്നോട്ടോടിച്ചു. പാക്പക്ഷത്തു് 34 പേർ കൊല്ലപ്പെടുകയുണ്ടായി. നാലുപേരെ ഇന്ത്യ തടവുകാരായി പിടിക്കുകയും ചെയ്തു)

പാക്കിസ്ഥാൻ കഞ്ചാർക്കോട്ട് വിട്ടൊഴിയുന്നതിനുമുമ്പായി സംഭാഷണം നടക്കേയും തങ്ങൾപിടികൂടിയ തടവുകാരിൽനിന്നും ഇന്ത്യ പിന്മാറണമെന്നു് ആ സംഭാഷണത്തിൽ നിർദ്ദേശമുണ്ടായുകയും ചെയ്യാൽ കഞ്ചാർക്കോട്ട് പാക്കിസ്ഥാൻ വിട്ടൊഴിയണമെന്ന വ്യവസ്ഥയിന്മേൽ മാത്രമേ ആനിർദ്ദേശം ഇന്ത്യയെ സ്വീകരിക്കുമായുള്ളു എന്നു് പ്രധാനമന്ത്രി ശാസ്ത്രി നേരത്തേപറയുകയുണ്ടായി. അല്ലെങ്കിൽ സംഭാഷണം പുരോഗമിക്കുകയില്ല.

കഞ്ചാർക്കോട്ടിൽ പാക്കിസ്ഥാൻ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് അവിടെ അനുവദിക്കുകയില്ലെന്നുള്ളതു് ഇന്ത്യയുടെ ദൃഢമായ നിശ്ചയമാണെന്നു് ലോഹ്യയുടെ ഒരു ചോദ്യത്തിനുത്തരമായി ശാസ്ത്രി പറഞ്ഞു. അതു തിരിച്ചുപിടിക്കാൻ സമയവും മറവു് സാഹചര്യങ്ങളും നോക്കി ഇന്ത്യാഗവണ്മെണ്ടു് ഉചിതമായ നടപടികളെടുക്കും.

കഞ്ചാർക്കോട്ടിൽ പാക്കിസ്ഥാൻ കൈവശപ്പെടുത്തിയതെല്ലാം തിരിച്ചുപിടിക്കുന്നതുവരെ ഇപ്പോൾ നടക്കുന്ന യുദ്ധം അവസാനിപ്പിക്കില്ലെന്നു് ഗവ: ഭാഗത്തുനിന്നും ഉറപ്പുതരണമെന്നു് ലോഹ്യ ആവശ്യപ്പെടുകയുണ്ടായി.

സർദാർ പോസ്റ്റിനടുത്തേയ്ക്കു പാക്കിസ്ഥാൻ നടത്തിയ ആക്രമണത്തിൽ അമേ. ആയുധങ്ങൾ ഉപയോഗിച്ചതിനെപ്പറ്റി 'ഉടനടി' അമേരിക്കയുമായി ചർച്ചയാരംഭിക്കുന്നതാണെന്നു് എസ്. എം ബാനർജിയുടെ ഒരു ചോദ്യത്തിനു് ശാസ്ത്രി മറുപടി നൽകി.

അമേ. സ്ഥാനപതി ചെസ്റ്റർബൗൾസ് പ്രധാനമന്ത്രിയെ ഈയ്യിടെ സന്ദർശിച്ചുവേയെന്നും പാക്കിസ്ഥാൻ അമേ. ആയുധങ്ങൾ ഇന്ത്യയ്ക്കെതിരായി ഉപയോഗിച്ചതിൽ കണ്ണിതുണ്ടെന്നു് അദ്ദേഹത്തെ അറിയിക്കയുണ്ടായോയെന്നുമാണു് ബാനർജി ചോദിച്ചതു്.

പ്രകോപനരഹിതമായ ആക്രമണം

ഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടയാക്കിയേക്കാവുന്ന പാക്കിസ്ഥാന്റെ പ്രകോപനരഹിതമായ ഈ ആക്രമണത്തെ സംബന്ധിച്ച യഥാർത്ഥവസ്തുതകൾ യു. എൻ. സെക്യൂരിറ്റികൗൺസിൽഅംഗങ്ങളേയും മററ് സൂഹൃൽരാജ്യങ്ങളേയും ഇന്ത്യ അറിയിച്ചിട്ടുണ്ടെന്നു് നന്ദ തുടർന്നു പറഞ്ഞു. കഞ്ചാർക്കോട്ട് പ്രദേശത്തെ ഏറ്റവും കടുവില്ലത്തെ സ്ഥിതിവിശേഷങ്ങളെക്കുറിച്ചു് ഒരു പ്രസ്താവന ചെയ്യുകയായിരുന്നു നന്ദ.

പാക്ബറാറാലിയൻകളെപിന്നോട്ടോടിച്ചതിനുശേഷം കഴിഞ്ഞ രണ്ടുദിവസങ്ങളായി ഈ പ്രദേശത്തു് അനിഷ്ടസംഭവങ്ങളൊന്നുമുണ്ടായിട്ടില്ലെങ്കിലും ഇന്നലെ രാവിലെ സർദാർപോസ്റ്റിനു സമീപം വെടിവെപ്പും നിറ്ത്തരമായ ഷെൽപ്രയോഗവും നടന്നതായി നന്ദ വെളിപ്പെടുത്തി. നമ്മുടെ സൈന്യം ജാഗ്രതയായി നിലകൊള്ളുന്നു. സ്ഥിതിഗതികൾ പരിപൂർണ്ണനിയന്ത്രണത്തിലാണ്. ഏപ്രിൽ 10-നു് സർദാർപോസ്റ്റു് ഇന്ത്യൻ പട്ടാളം തിരിച്ചുപിടിച്ചു.

മാർച്ച് രണ്ടാംവാരത്തിലാണ് പാക്കിസ്ഥാൻ ഈ ആക്രമണപദ്ധതി തയ്യാറാക്കിയതു്. അതിനുശേഷം സൈനിക സംഭരണം ആരംഭിച്ചു. ഏപ്രിൽ 7-നു് ആക്രമണത്തിനുള്ള ഉത്തരവുകൾ നൽകപ്പെട്ടു. സർദാർപോസ്റ്റിനു സമീപത്തുനിന്നും ലഭിച്ച ചില രേഖകളിൽനിന്നും തടവുകാരായി പിടിക്കപ്പെട്ട പാക്ഭടന്മാരിൽനിന്നുമാണു് ഇക്കാര്യങ്ങൾ മനസ്സിലാക്കിയതു്.

ശത്രുക്കളെ തുരത്തുന്നതിൽ ഇന്ത്യൻ പോലീസ് പ്രശംസിച്ചു. ധീരോദാത്തതയെ നന്ദ പ്രശംസിച്ചു. ധീരോചിത 12 മണിക്കൂർകാലം അവർ സുധീരമായിപോരാടി. വന്നുചേർന്ന പ്രതിബന്ധങ്ങളെ നേരിട്ടുകൊണ്ടു് രണ്ടു് പാക് ബറാലിയൻകളെ അവർ തുരത്തി.

അതിർത്തിസംരക്ഷണത്തിനു ഗവണ്മെണ്ടു് സ്വീകരിച്ചിട്ടുള്ള നടപടികൾക്കു് പൂർണ്ണമായ, അതിർത്തികാവൽ പൊലീസിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ഇന്ത്യക്കെതിരായി ആക്രമണം ആരംഭിക്കുന്നതിനും മുമ്പുള്ള അതിർത്തിമേഖയിലേക്കു് കൂടുതൽ പട്ടാളത്തെ അയയ്ക്കുന്നതിനും ഐക്യ അറബി റിപ്പബ്ലിക്കിന്റെ നിലപാടാണു്-എന്റെ അറിവിൽപ്പെട്ടടത്തോളം അവർ അതിൽതന്നെ ഉറച്ചുനില്ക്കുകയാണു്. നമ്മുടെ പരമാധികാരത്തെ ബലികഴിച്ചുകൊണ്ടുള്ള അടിസ്ഥാനത്തിൽ, ഏതു കക്ഷിയുമായി, ചൈനയൊ പാക്കിസ്ഥാനൊ ആകട്ടെ, കൂടിയാലോചനകൾ നടത്തുവാൻ ഒരു രാഷ്ട്രത്തിലേയും ഗവണ്മെണ്ടിനും സാധ്യമാവില്ലെന്നും അവർ മനസ്സിലാക്കുന്നുവെന്നും മി. മേനോൻ പറഞ്ഞു. ഈ അറബിരാഷ്ട്രങ്ങൾ സ്വതന്ത്ര രാഷ്ട്രങ്ങളാണെന്നു് ഇന്ത്യൻ ജനത മനസ്സിലാക്കണം. സമാധാനത്തിനായും പരിഹാരമാർഗ്ഗങ്ങൾക്കായും ന്യായ ഇന്ത്യ തുടരുകയാണെങ്കിൽ എല്ലാ അറബി രാഷ്ട്രങ്ങളുമായുള്ള അവളുടെ ബന്ധം ഇനിയും ശക്തിപ്പെടുമെന്നു് തനിക്കവിശ്വസിക്കുവാൻ കഴിയുന്നുണ്ടെന്നും, മി. മേനോൻ പറഞ്ഞു.

....

അമേരിക്കയിലെ ചുഴലിക്കാറ്റ്

മരിച്ചവരുടെ എണ്ണം 250 ആയി

[റോയിട്ടർ] ചിക്കാഗോ, ഏ. 12

അമേരിക്കയുടെ ആറു മദ്ധ്യപടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ ഇന്നലെ രാത്രി അടിച്ചു ചുഴലിക്കാറ്റുമൂലം മരിച്ചവരുടെ സംഖ്യ 250-ഓളം ആയേക്കുമെന്നു് ഭയപ്പെടുന്നതായി ഉദ്യോഗസ്ഥന്മാർ പ്രസ്താവിച്ചിരിക്കുന്നു.

ആയിരങ്ങൾ മറിവോറവും ഭവനരഹിതരുമായി. ഇന്ത്യാനാ സംസ്ഥാനത്തെ അത്യാഹിതം കനത്തതാണു്. മരിച്ചവർ അവിടെമാത്രം 141-ഓളം വന്നിട്ടുണ്ടെന്നാണു് ഒരു കണക്കു്. എന്നാൽ ഈ സംഖ്യ 150 ആയേക്കുമെന്നാണു് ഉദ്യോഗസ്ഥന്മാർ ഭയപ്പെടുന്നതു്. കാഹിയോവിൽ 59 പേരും മിച്ചിഗനിൽ 32 പേരും ഇല്ലിനോയിസിൽ 7 പേരും വിസ്കോൺസിനിൽ 3 പേരും മൃതിയടഞ്ഞു.

....

തെഴിൽ നിയമങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ചു് വിമർശനം

(പി. ടി. ഐ) ന്യൂഡൽഹി ഏ. 12

തൊഴിൽകാര്യവകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥന സംബന്ധിച്ചു് ഇന്നു് ലോകസഭയിൽ നടന്ന ചർച്ചവേളയിൽ പൊതുമേഖലയിൽ തൊഴിൽനിയമങ്ങൾ നടപ്പാക്കുന്നതും വ്യവസായബന്ധങ്ങളും നിലനിർത്തുന്നതും സംബന്ധിച്ചു് കനത്ത വിമർശനങ്ങൾ നടക്കുകയുണ്ടായി. ചർച്ച പൂർത്തിയായിട്ടില്ല.

പൊതുമേഖലയിലെ ഏറ്റവും വലിയ റയിൽവേ, ഡിഫൻസു് എന്നീ സ്ഥാപനങ്ങളിൽ തൊഴിൽ നിയമങ്ങളുടെ പ്രവർത്തനത്തിൽ താൻ കീകച്ചു അസന്തുഷ്ടനാണെന്നു് ഇന്ത്യൻ റയിൽവെ നേഷണൽ ഫെഡറേഷന്റെ ജനറൽ സിക്രട്ടറി മി. ആർ. എ. വി. ശർമ്മ പ്രസ്താവിച്ചു.

—

മൈസൂർ-ഗോവാ ലയന വാദത്തിനു് പിന്തുണയില്ലെന്നു് ഗോവർ മന്ത്രി

പി. ടി. ഐ. പൂനാനഗരി, ഏ. 13

മൈസൂരുമായി ഗോവയെ ലയിപ്പിക്കണമെന്ന ആവശ്യത്തിനു് തൻറെ സംസ്ഥാനത്തു് ഒരുവിഭാഗമെങ്കിലുണ്ടെന്നു് ഗോവൻ വിദ്യാഭ്യാസകാര്യമന്ത്രി മി. വി സി. കാർമാലി ഇന്നു പത്രലേഖകരോടു പറഞ്ഞു.

ഭാഷാപരവും സാംസ്കാരികവുമായി ഗോവയിലെ ആവലക്ഷത്തോളംവരുന്ന ജനങ്ങളിൽ ഭൂരിപക്ഷംപേരും മഹാരാഷ്ട്രയോടായാണു് ബന്ധപ്പെട്ടുകിടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

മഹാരാഷ്ട്രയുമായി ലയിക്കണമെന്നു് ഗോവൻ നിയമസഭ പ്രമേയംപാസ്സാക്കിയപ്പോഴും, മൈസൂരുമായി ലയിപ്പിക്കണമെന്നാവശ്യപ്പെടുന്ന ഒരു ശബ്ദവുമുണ്ടായില്ല. മൈസൂരിന്റെ അവകാശവാദത്തിനു ഒരു അടിസ്ഥാനവുമില്ലെന്നും അദ്ദേഹം പറഞ്ഞു. മഹാരാഷ്ട്രയുമായി ലയിക്കുന്നതിനെ അനുകൂലിച്ചുകൊണ്ടു് ഗോവൻ നിയമസഭ ഇപ്പോൾ ഒരു പ്രമേയംപാസ്സാക്കിയിട്ടുണ്ടു്. മഹാരാഷ്ട്രനിയമസഭ അതു് സാഗതംചെയ്യുകയുണ്ടായിഎന്നും മി കാർമാലി പറഞ്ഞു. ആവശ്യമുള്ള ഭരണഘടനാപരമായ സമീപനങ്ങൾ നടത്തിക്കഴിഞ്ഞതായി നാല്പ് ഇന്ത്യൻ പോലീസുകാർ കൊല്ലപ്പെട്ട കഞ്ചാർക്കോട്ട് പരിക്കേറ്റ ഡെപ്യൂട്ടികമാണ്ടറടക്കം പതിനാറു് പേരെ ഇപ്പോൾ കാണാനില്ല.

ചർച്ചയില്ലെന്നു് ശാസ്ത്രി

കച്ച് അതിർത്തി സംബന്ധിച്ചേടത്തോളം മുൻനില പുനഃസ്ഥാപിക്കപ്പെടാതെ ഇന്ത്യ ചർച്ചയ്ക്കു തയ്യാറില്ലെന്നു് പ്രധാനമന്ത്രി ശാസ്ത്രി കോൺ. പാർല. പാർട്ടിയുടെ ഒരു യോഗത്തിൽ പ്രസ്താവിക്കുകയുണ്ടായി.

—

ചൈനയുടെ പ്രചരണങ്ങളിൽ അറബി രാഷ്ട്രങ്ങളും കൂടുങ്ങിയിട്ടില്ല.

വി. കെ. കൃഷ്ണമേനോന്റെ പ്രസംഗം

(പി. ടി. ഐ) ന്യൂഡൽഹി, ഏപ്രിൽ 13

ചൈന നടത്തുന്ന പ്രചരണംമൂലം അറബി രാഷ്ട്രങ്ങളും ഇന്ത്യയിൽനിന്നു തിരിയുന്നുവെന്നു് ഇന്ത്യയിൽ ആരെങ്കിലും വിശ്വസിക്കുന്നതു് പരമാബദ്ധമായിരിക്കുമെന്നു് മി. വി. കെ. കൃഷ്ണമേനോൻ ഇവിടെവെച്ചു പ്രസ്താവിച്ചിരിക്കുന്നു.

കെയ്റോവിൽ ചേർന്ന പാലസ്തീൻ സെമിനാറിൽ സംബന്ധിച്ച മേനോൻ ഇയ്യിടെ പ്രസിഡന്റു് നാസ്സറേയും സന്ദർശിക്കുകയുണ്ടായി. അവിടെയുള്ള ജനങ്ങളുമായി താൻ നടത്തിയ സംഭാഷണങ്ങളിൽനിന്നും തനിക്കു മനസ്സിലായതു്, സീനൊ-ഇന്ത്യൻ അതിർത്തി പ്രശ്നം സംബന്ധിച്ചു് അവർക്കിടയിൽ ഭിന്നിപ്പില്ലെന്നാണു്.

ആഫ്രോ-ഏഷ്യൻ സോളിഡാരിറ്റി അസോസിയേഷൻറെ ആഭ്യുഖ്യത്തിൽ കൂടിയ ഒരു യോഗത്തിൽ മദ്ധ്യ പൌരസ്ത്യദേശത്തെ ഇന്നത്തെ സ്ഥിതിഗതികളെപ്പറ്റി സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചീന, കൊളംബൊ നിർദ്ദേശങ്ങൾ അംഗീകരിക്കണമെന്ന നിലപാടാണ് സീനൊ-ഇന്ത്യൻ തർക്കം സംബന്ധിച്ചു ഐക്യ അറബി റിപ്പബ്ലിക്ക് സ്വീകരിച്ചിരിക്കുന്നതെന്നും മി. മേനോൻ പറഞ്ഞു.

അന്യോന്യം സംഭാഷണം നടത്തുന്നതിനും വീണ്ടും കൂടിയാലോചനകൾ നടത്തുന്നതിനുള്ള കാലാവസ്ഥ സംജാതമാക്കുന്നതിനും, ഇന്ത്യക്കെതിരായി ആക്രമണം ആരംഭിക്കുന്നതിനു മുമ്പുള്ള അതിർത്തിമേഖയിലേക്ക് ചൈന കടത്തിപ്പോകുന്നതിനും ഐക്യ അറബി റിപ്പബ്ലിക്കിന്റെ നിലപാടാണ്-എന്റെ അറിവിൽപ്പെട്ടടത്തോളം അവർ അതിൽതന്നെ ഉറച്ചുനില്ക്കുകയാണ്. നമ്മുടെ പരമാധികാരത്തെ ബലികഴിച്ചുകൊണ്ടുള്ള അടിസ്ഥാനത്തിൽ, ഏതു കക്ഷിയുമായി, ചൈനയൊ പാക്കിസ്ഥാനൊ ആകട്ടെ, കൂടിയാലോചനകൾ നടത്തുവാൻ ഒരു രാഷ്ട്രത്തിലേയും ഗവണ്മെണ്ടിനും സാധ്യമാവില്ലെന്നും അവർ മനസ്സിലാക്കുന്നുവെന്നും മി. മേനോൻ പറഞ്ഞു. ഈ അറബിരാഷ്ട്രങ്ങൾ സ്വതന്ത്ര രാഷ്ട്രങ്ങളാണെന്നു് ഇന്ത്യൻ ജനത മനസ്സിലാക്കണം. സമാധാനത്തിനായും പരിഹാരമാർഗ്ഗങ്ങൾക്കായും ന്യായ ഇന്ത്യ തുടരുകയാണെങ്കിൽ എല്ലാ അറബി രാഷ്ട്രങ്ങളുമായുള്ള അവളുടെ ബന്ധം ഇനിയും ശക്തിപ്പെടുമെന്നു് തനിക്കവിശ്വസിക്കുവാൻ കഴിയുന്നുണ്ടെന്നും, മി. മേനോൻ പറഞ്ഞു.

....

മലയേഷ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രി സിലോണിൽ

[പി ടി ഐ] കൊളമ്പൊ, ഏ. 13

മലയേഷ്യൻ ഉപപ്രധാനമന്ത്രി തുങ്കു അബ്ദുൽറാസാക്ക് തൻറെ ഭാര്യയോടും പരിവാരത്തോടുംകൂടി രണ്ടുദിവസത്തെ സന്ദർശനത്തിനായി ഇന്നിവിടെ എത്തിയിരിക്കുന്നു.

ഇന്ത്യൻ ആകാശം ഹൈക്കമീഷണർ കെ. സി. നായരും സിലോൺ മന്ത്രി ജയവർധനയും വിമാനത്താവളത്തിൽവച്ചു് അദ്ദേഹത്തെ സ്വീകരിച്ചു.

പിന്നീടു് തുങ്കു അബ്ദുൽറാസാക്കു് സിലോൺ പ്രധാനമന്ത്രി ഡഡ്ലിസേനാനായകയെ സന്ദർശിച്ചു് സംഭാഷണം നടത്തി.

....

വീണ്ടുമൊരു രാജ്ഭവൻ പൊതുടിയിൽ നിർമ്മിക്കുന്നില്ല

തിരു. ഏ. 13

പൊതുടിയിൽ ഒരു രണ്ടാം രാജ്ഭവൻ നിർമ്മിക്കുന്നതിനു് ഗവണ്മെണ്ടു് ആലോചിച്ചവരുന്നതായിചിലപത്രങ്ങളിൽ വന്നിരിപ്പോർട്ടുകൾ സംസ്ഥാന ഗവണ്മെണ്ടു് നിഷേധിച്ചിരിക്കുന്നു.

പൊതുടിയിൽ ഇപ്പോഴുള്ള അപ്പർ ഡാനിട്ടോറിയം കെട്ടിടം ഗവണ്മെണ്ടിനു ഒരു വേനൽക്കാലവസതിയായി ഇപ്പോൾതന്നെ ഉപയോഗിച്ചവരുന്നതായി ഔദ്യോഗിക പത്രക്കുറിപ്പിൽപറഞ്ഞു.

ഏപ്രിൽ 11-തിയതി ഇൻഡാനിട്ടോറിയം സന്ദർശിച്ചശേഷം ഗവണ്മെണ്ടർ അഭിപ്രായപ്പെട്ടതു്, ഇത്തരത്തിലുള്ള ഒരു വേനൽക്കാല വസതി ആവശ്യമില്ലെന്നും അപ്പർ ഡാനട്ടോറിയത്തിൽ ഇപ്പോൾ നിലവിലുള്ള കെട്ടിടങ്ങൾ മെച്ചപ്പെട്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്ന ഡിപ്പാർട്ടുമെൻറുകൾക്കു് കൈമാറണമെന്നുമായിരുന്നു. പൊതുജനങ്ങളുടെ ഉപയോഗാർത്ഥം ലോവർ ഡാനിട്ടോറിയം ഒരു റെസ്റ്റ്ഹൗസ് ആക്കിമാറണമെന്നും ഗവണ്മെണ്ടർ നിർദ്ദേശിക്കയുണ്ടായി.

ഈ നിർദ്ദേശമനുസരിച്ചു ഗവണ്മെണ്ടു് പ്രവർത്തിക്കുന്നതായിരിക്കുമെന്നു് പത്രക്കുറിപ്പിൽ പറയുന്നു.

മായ സമീപനങ്ങൾ നടത്തിക്കഴിഞ്ഞ ഇനിപ്പ്രവർത്തിക്കേണ്ടതു് പാർലമെന്റാണു്.

താൻ ഇയ്യിടെ കോൺഗ്രസ് പ്രസിഡണ്ടു് കെ. കാമരാജനേയും പ്രധാനമന്ത്രി ശാസ്ത്രിയേയും മറവു് ക്യാബിനറ്റമന്ത്രിമാരേയും സന്ദർശിക്കുകയുണ്ടായെന്നും ന്യൂഡൽഹിയുടെ നിലപാടു് ഗോവയുടെ ലയനം നീട്ടിക്കൊണ്ടുപോകുകയെന്നതാണെന്നാണു് ന്യൂഡൽഹിനിലകൊള്ളുന്നതെന്നാണു് തനിക്കു് തോന്നിയതെന്നു അദ്ദേഹംപറഞ്ഞു.

....

ബാലചിത്രപ്രദർശനം സമാപിച്ചു

[സ്വ പ്ര] തൃശ്ശൂർ, ഏ. 13

ഫിലിംഫെഡ്ബുവിന്റെ ആഭിമുഖ്യത്തിൽ ചിൽഡ്രൻസ് പാക്കിൽവച്ചു് ഈ മാസം 10, 11 എന്നീ തീയതികളിൽ ഒരു ബാലചിത്രപ്രദർശനം നടക്കുകയുണ്ടായി. പ്രതിദിനപ്രവേശനത്തിന്റെ പവിത്രിയനോടുകൂടിയ ഡൽഹി എജ്യുക്കേഷൻ ഫിലിം കൂട്ടായ്മ ആകർഷകമായിരുന്നു.

തൃശ്ശൂർ പാലസ് മൈതാനിയിൽവച്ചു് നടന്ന ചാക്കോള ഗോൾഡ് ടോഫിയുടെ കഴിഞ്ഞപ്രാവശ്യത്തെ ഫൈനൽ മത്സരത്തിന്റെ ഏതാനും ഭാഗങ്ങളും പ്രദർശിപ്പിക്കുകയുണ്ടായി, ആകെ അഞ്ചു ചിത്രങ്ങളാണു പ്രദർശിപ്പിച്ചതു്.

പിഞ്ചുകുട്ടികളുടെ ഒരു വമ്പിച്ചയർ സംഘമാണു് ഈ ബാലചിത്രോത്സവത്തിനു നേതൃത്വം നൽകിയിരുന്നതു്.

....

അറിയിപ്പു്

വിഷുപ്രമാണിച്ചു് ഇന്നു് ഓഫീസു് മുടക്കമാകയാൽ നാളെ (15-4-'65) തൊഴിലാളി പ്രസിദ്ധീകരിക്കുന്നതല്ല.

മാനേജർ 'തൊഴിലാളി'

ഇ. പ്രധാനമന്ത്രി രാഷ്ട്രപതിയെസന്ദർശിച്ചു

ലണ്ടൻ ഏ. 13

കണ്ണിനു് ശസ്ത്രക്രിയ കഴിഞ്ഞു് ലണ്ടനിലുള്ള ഒരു ഹോട്ടലിൽ വിശ്രമിക്കുന്ന ഇന്ത്യൻ പ്രസിഡണ്ടു് ഡോ: രാധാകൃഷ്ണനെ ബ്രിട്ടീഷ് പ്രധാനമന്ത്രി ഹാരോൾഡ് വിൽസൺ, സിലോൺഹൈക്കമ്മീഷ്ണർ, ഡോ ജി. ഡി. മലേലശേഖർ മുൻ ഇന്ത്യൻ ഗവണ്ണർ ജനറൽ മൌണ്ടു് ബാറാൻപ്രഭു എന്നിവർ ഇന്നലെ സന്ദർശിച്ചു് സംഭാഷണം നടത്തിയിരിക്കുന്നു.

തെക്കുകിഴക്കൻ ഏഷ്യയിൽ ഇപ്പോൾ സംജാതമായിരിക്കുന്ന സ്ഥിതിവിഗതികളെക്കുറിച്ചു് സന്ദർശനവേളയിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ഹാരോൾഡ് വിൽസനും, ഡോ: രാധാകൃഷ്ണനും തമ്മിൽ ചർച്ച ചെയ്തിരിക്കുമെന്നു് വിശ്വസിക്കുന്നു.

റോയിട്ടർ

ആ പാക്കിസ്ഥാനികളും കൊല്ലപ്പെട്ടു

(പി. ടി ഐ) ജമ്മു ഏ. 22

കഴിഞ്ഞ രണ്ടു ദിവസങ്ങൾക്കിടക്കു് ചാംബ്-ജാക്കർ മേഖലകളിലെ ഇന്ത്യൻ അതിർത്തി പൊടോം സേനയുമായി നടന്ന വെടിവെപ്പിൽ 6 പാക്കിസ്ഥാനി നുഴഞ്ഞുകയറ്റക്കാർ കൊല്ലപ്പെട്ടതായി ഔദ്യോഗികമായി ഇവിടെ അറിയിച്ചിരിക്കുന്നു.

പാകിസ്ഥാനികളും 26 വെടിനിർത്തൽ ലംഘനങ്ങളും നടത്തിയിട്ടുണ്ടു്. ഇതിനെത്തിരായി ഐക്യരാഷ്ട്രനിരീക്ഷകർ വശം പ്രതിഷേധിച്ചിട്ടുണ്ടു്.

പാക്കിസ്ഥാൻ സിവിലിയന്മാർ ഇന്ത്യൻ ഭാഗത്തു പ്രവേശിച്ചു് ഇന്ത്യൻ സേനയുടെ നേരെ വെടിവെപ്പു നടത്തിയതു് യു. എൻ. നിരീക്ഷകർ കണ്ടിട്ടുള്ളതാണു്. ഇന്ത്യൻ ഭാഗത്തുനിന്നും ആക്രം ജീവപായം ഉണ്ടായിട്ടില്ല.

—

ഉലൈല മാസിലോൺ സന്ദർശിക്കുന്നു

കൊളമ്പൊ, ഏ. 13

ഇക്കൊല്ലംമദ്ധ്യത്തിൽ ബുദ്ധമതകേന്ദ്രങ്ങൾ സന്ദർശിക്കാനായി ഉലയ്ലാമ ഇവിടെ എത്തുന്നതാണെന്നു് ഒരു പത്രവാർത്തയിൽ പറയുന്നു,

ഒരു ബുദ്ധമത പുരോഹിതനായ മലിവാനശ്രാനിസ്സാരതേരയുടെ ക്ഷണമനുസരിച്ചാണു് ഉലയ്ലാമയുടെ ഈ സന്ദർശനം.

ഉലൈലാമയ്ക്കു് വേണ്ടതു രക്ഷാനടപടികളും സൽകാൻ മുൻഗവർമേണ്ടു് ഉറപ്പുനൽകാതിരുന്നുകൊണ്ടാണു് ഇതിനു മുമ്പു് അദ്ദേഹത്തെ ക്ഷണിക്കാതിരുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു.

— പി ടി ഐ

അഞ്ചു് ആനക്കുട്ടികളും പ. ജർമ്മനിയിലേക്കു്

തിരുവനന്തപുരം, ഏ. 12

പടിഞ്ഞാറൻ ജർമ്മനിയിൽനിന്നു് അമേരിക്കൻകാട്ടുപൂച്ചയേയും കാട്ടുപോത്തിനേയും കൈമാറ അടിസ്ഥാനത്തിൽ കിട്ടുന്ന തിന്നായി അഞ്ചു് ആനക്കുട്ടികളെ ജർമ്മനിയിലേക്കു് കപ്പൽവഴി അയക്കുവാൻ കേരള മൃഗസംരക്ഷണഡിപ്പാർട്ടുമെൻറു് തീരുമാനിച്ചിരിക്കുന്നു.

ആനകളോടൊപ്പംപോകുന്ന മൃഗശാലാധികാരി ജർമ്മനിയിലുള്ള ഹാനോവർ മൃഗശാലയും സന്ദർശിക്കുന്നതാണു്.

വൈൻഷാപ്പിനുമുമ്പിൽ പിക്കറ്റിംഗ്

(പി. ടി. ഐ) ന്യൂഡൽഹി, ഏ. 13

ലഹരിപദാർത്ഥങ്ങളുടെ വില്പനക്കെതിരായി പ്രചരണം നടത്തുന്നതിനു് ഇന്നലെ ന്യായാഹാരത്തിൽ ഒരു വൈൻ വ്യാപാരിയുടെ കടക്കുമുമ്പിൽ അമ്പതു സ്ത്രീകളുൾപ്പെടെ 15 പേരുടെ ഒരു സംഘം പിക്കറ്റിംഗ് നടത്തുകയുണ്ടായി. ഒന്നര മണിക്കൂർ ദീർഘിച്ച ഈ പിക്കറ്റിംഗ്, മദ്യം ഉപയോഗിക്കുന്നതിനെതിരായി രാജ്യവ്യാപകമായി നടത്തുന്ന പ്രചരണത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ അഖിലേന്ത്യാ മദ്യനിരോധന കൌൺസിലാണു് സംഘടിപ്പിച്ചതു്.

ഷാപ്പിന്റെ പുറത്തു് സത്യാഗ്രഹികളും മൗനമായി നിലയുറപ്പിക്കുകയും മദ്യനിരോധനം സംബന്ധിച്ച ലഘുലേഖകൾ വിതരണംചെയ്യുകയുമുണ്ടായി.

—

അധ്യാപിക സില്ല

സ്വ ലേ ചാലക്കുടി, ഏ. 13

ബക്ക്വീറ്റ് പ്രമാണിച്ചു് മുസ്ലീംകുടുംബമായ പോലീസ് ഉദ്യോഗസ്ഥന്മാക്കു് അഡ്വാൻസ് കിട്ടിയിട്ടില്ലെന്നാറിയുന്നു. എല്ലാവർഷവും അഡ്വാൻസ് കിട്ടാറുള്ളതാണു്.

—

ഷോളയാർ പ്രോജക്ടുകാരുടെ വാൻ അടുക്കള തകർത്തു

സ്വ ലേ ചാലക്കുടി, ഏ. 12

ഇന്നലെ രാത്രി ഷോളയാറിലേക്കു് പോകുകയായിരുന്ന ഷോളയാർ ഹൈഡൽ പ്രോജക്ടിലെ

തൊഴിലാളി

പോസ്റ്റ്മോട്ടം 90
ടെലിഫോൺ 125
പത്രാധിപരുടെ വസതി 455

1965 ഏപ്രിൽ 14–ാംനു- ബുധൻ

ചിലഞെട്ടലുകൾ

....o....

അഹമ്മദാബാദ് മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനേറ്റ കനത്ത പരാജയത്തിന്റെ പ്രതിധ്വനി അലിയടിച്ചുയർന്ന് കേന്ദ്രംവരെ എത്താതിരിക്കയില്ല. കഴിഞ്ഞതവണത്തെ കോർപ്പറേഷനിൽ കോൺഗ്രസ്സിനു് ആകെയുള്ള 78 സീറ്റിൽ 49–ംകൈക്കലാക്കാൻ സാധിച്ചിരുന്നെങ്കിൽ ഇത്തവണ കിട്ടിയിരിക്കുന്നതു വെറും 13മാത്രമാണു്. അതായതു് ആകെയുള്ള സീറ്റിന്റെ കൃത്യം ആറിലൊരുഭാഗം എന്നർത്ഥം. സാധാരണയായി കോൺഗ്രസ്സിനെത്തന്നെ അനുകൂലിക്കാറുള്ള ഐ. എൻ. ടി. യു. സി.യുടെ നേതൃത്വത്തിലുള്ള മസ്ദൂർ മഹാജൻകാർനിത്തിയ എല്ലാ സ്ഥാനാർത്ഥികളും പൊളിഞ്ഞുപാളീസ്സായി. അങ്ങിനെ അഹമ്മദാബാദിലെ മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് അസാധാരണമാംവിധം അപമാനിതയായിരിക്കുന്നു. കഴിഞ്ഞ 30 കൊല്ലമായി ഈ വലിയ നഗരത്തിന്റെ ഭരണം കോൺഗ്രസ്സിന്റെ കയ്യിലായിരുന്നു ഇന്നതു് തെറിച്ചുപോയിരിക്കുന്നു.

മഹാഗുജറാത്തു് ജനതാപരിഷത്തുകാർ ഈ തിരഞ്ഞെടുപ്പിൽ 42 സ്ഥാനങ്ങളും കരസ്ഥമാക്കിയെന്നുവഴി വ്യക്തമായ കേവല ഭൂരിപക്ഷം സമ്പാദിച്ചു എന്നു മാത്രമല്ല അധ: പതിച്ചുകൊണ്ടിരുന്ന ആ സംഘടനയുടെ ധാർമ്മിക നിലവാരം കെട്ടിപ്പൊക്കുകൂടി ചെയ്തിട്ടുണ്ടു്. ഒരു പക്ഷത്തിലും പെട്ട ചില കമ്യൂണിസ്റ്റു് മെമ്പർമാരുടെപ്പോലെ മഹാഗുജറാത്തു് ജനതാപരിഷത്തു് ഒരുവിധത്തിൽ സംഘടനയാണെന്നും ഉള്ളതു് വാസ്തവംതന്നെ എന്നിരുന്നാലും കയിവ്വുവരിൽ കരുതൽ തടങ്കലിൽ കിടക്കുന്ന അഞ്ചു ഇടതു കമ്യൂണിസ്റ്റുകാരും ഉണ്ടെന്നുള്ളതു് എന്തൊ വലിയ കാര്യത്തിലേക്കു് വിരൽചൂണ്ടുന്നില്ലേ? ഇടതുകമ്യൂണിസ്റ്റുകാർ ജയിക്കുന്നതു് കേരളത്തിലും കൽക്കട്ടയിലും സംഭവ്യമായിരുന്നെങ്കിലും കഴിഞ്ഞ അരനൂറ്റാണ്ടായി കോൺഗ്രസ്സിന്റെ നെടുംകോട്ടയെന്നറിയപ്പെടുന്ന അഹമ്മദാബാദിൽ അതു പ്രതീക്ഷിച്ചിരുന്നതല്ല.

പരാജയത്തിന്റെ കാരണങ്ങളെ വിശദീകരിച്ചുകൊണ്ടു് ഗുജറാത്തിലെ കോൺഗ്രസ്സ്പാർട്ടി ഇനി ന്യായവാദങ്ങളും യുക്തികളും കണ്ടുപിടിക്കുന്നതിനു പകരം സ്വന്തം അണികളിലേക്കു് തിരഞ്ഞു പരാജയകാരണമന്വേഷിക്കുകയും അതു ലഘൂകരിക്കുകയും ചെയ്യുന്നതിനെല്ലാം കോൺഗ്രസ് എതിരു നിൽക്കുന്ന സ്വഭാവം മാറിയിരുന്നെങ്കിൽ ഇതുവലിയതോൽവിയുണ്ടായിരുന്നില്ല. സെക്കണ്ടറി സ്കൂളുകളിൽ പഠിപ്പിക്കുന്നതിനെതിരായ നിരോധനം. ഗുജറാത്തിലെ കോൺഗ്രസ്സുകാർ. അംഗീകാരം ഇതുവണ്ണത്തെ തിരഞ്ഞെടുപ്പിൽ ഒരു പ്രശ്നമായിരുന്നു. വലത്തിൽനിന്നും മനസ്സിലാക്കുന്നതുപോലെ ജനങ്ങളും ഇംഗ്ലീഷിനോടു് അത്രകണ്ടു് ആഭിമുഖ്യമുള്ളവരാണു്. ഇതും ഇതുപോലുള്ള നിരവധി കാര്യങ്ങളും ഉദ്ദേശിയെടുക്കുടി കൈകാര്യംചെയ്തിരുന്ന കോൺഗ്രസ്സുപാർട്ടി ഈ തിരഞ്ഞെടുപ്പിനുശേഷം നല്ല പാഠം പഠിച്ചാൽ അവകാശമാണു്.

ഇതുയൊന്നും അത്ഭുതത്തിനു് വകയില്ലെങ്കിലും അത്ഭുതം എന്നതിന്റെ ക്ലാസ്സിൽപ്പെടുന്നതാണു് സേലം ഡിസ്ട്രിക്ടിലെ ധർമ്മപുരി ഉപതിരഞ്ഞെടുപ്പിൽ കോൺഗ്സ്സിനുകിട്ടിയവിജയം. അവിടെ പ്രതിപക്ഷകക്ഷികളെയൊന്നു് കോൺഗ്രസ്സ് ജയിച്ചിരിക്കയാണു്. ധർമ്മപുരിയിലെ മുൻ സ്ഥാനാർത്ഥി സ്വതന്ത്രനായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണംമൂലം ആവശ്യമായിത്തീർന്ന ഉപതിരഞ്ഞെടുപ്പിൽ ദ്രാവിഡമുന്നേറ്റ കഴകസ്ഥാനാർത്ഥിയെത്തോൽപിച്ചു് കോൺഗ്രസ്സ് സ്ഥാനാർത്ഥി വിജയിച്ചു.

അതുകൊണ്ടുതു് ഭാഷാപ്രശ്നത്തിന്റെ പേരിലാണു് മദ്രാസ് ഒരുകാലം തിളച്ചുമറിയുകയായിരുന്നതു്. കോൺഗ്രസ്സുകാരനെന്നോ അല്ലാത്തവരെന്നോ ഉള്ള വ്യത്യാസമില്ലാതെ എല്ലാവരും ഭാഷാപ്രക്ഷോഭനത്തിൽ സഹകരിച്ചെങ്കിലും ദ്രാവിഡമുന്നേറ്റകഴകാദിയുടെ അതിന്റെ മുൻപന്തിയിൽ കാമരാജിന്റെയാസകലം ശ്രമഫലത്തിന്റെയാസകലം ശ്രമഫലത്തിലേക്കു കൊയ്യുവാനും അവയ്ക്കു സാധിച്ചു. ഇതൊക്കെയായാലും ഭാഷാപ്രക്ഷോഭണം സംബന്ധിച്ചു് നടന്നുപോയ അക്രമപ്രവർത്തനങ്ങൾക്കു് ആരാണുത്തരവാദിയെന്നു് ഒരു ചോദ്യം ഇന്നും ഉത്തരമില്ലാതെ അവശേഷിക്കുന്നുണ്ടു്. എല്ലാവർഷം അതിന്റെ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറാൻശ്രമിക്കുന്നുണ്ടെങ്കിലും പ്രക്ഷോഭണത്തിന്റെ വലിയ പങ്കും നിവ്വഹിച്ചവർതന്നെ അക്രമപ്രവർത്തനങ്ങളുടേയും ഉത്തരവാദിത്വം വഹിക്കേണ്ടതല്ലെ എന്നു് ഒരു നേരിയ സംശയം ജനഹൃദയങ്ങളിൽ സ്ഥലംപിടിക്കാനിടവന്നിട്ടുണ്ടു്. ഇനി ആ സംശയമാണൊ ദ്രാവിഡമുന്നേറ്റകഴക സ്ഥാനാർത്ഥിയുടെ പരാജയത്തിനു് കാരണമെന്നു് അന്വേഷിക്കുന്നുകൊള്ളാം.

— —

പ്രയുക്തപോഷകാഹാര പരിപാടിയിൽ പരിശീലനം

ഒല്ലൂക്കര ബ്ലോക്കിലെ ഖരിപാടി

ഒല്ലൂക്കര, ഏ. 13

പ്രയുക്തപോഷകാഹാര പരിപാടിയനുസരിച്ചും ഒല്ലൂക്കര വികസന ബ്ലോക്കിൽ ഒരു പരിശീലനപരിപാടി സംഘടിപ്പിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. പഞ്ചായത്തു പ്രസിഡണ്ടുമാർ, പഞ്ചായത്തു പ്രസിഡണ്ടുമാർ മഹിളാസമാജം പ്രതിനിധികൾ ഗ്രാമലക്ഷ്യമാർ, സ്ത്രീകം അദ്ധ്യാപകർ യുത്ത് ക്ലബ്ബ് അംഗങ്ങൾ എന്നിവക്കു പ്രത്യേകം ബാച്ചുകളായി പരിശീലനം നല്കുന്നതിനാണു് തീരുമാനിച്ചിട്ടുള്ളതു്. അതിൽ പഞ്ചായത്തു പ്രസിഡണ്ടുമാർക്കും പഞ്ചായത്തു പ്രസിഡണ്ടുമാർക്കുമുള്ള പരിശീലനം ഏപ്രിൽ 20–ാംനു- മുതൽ 25–ാംനു-വരെ ബ്ലോക്കു് കാഫ്സിൽവച്ച നല്കുന്നതായിരിക്കും ഏപ്രിൽ 26–ാംനു- മുതൽ മേയ് ഒന്നാം തിയ്യതി വരെ സ്ത്രീംഅദ്ധ്യാപകർക്കും ഈ പരിശീലനം നല്കുന്നുണ്ടു്. മറ്റുള്ളവർക്കുള്ള പരിശീലനം മേയ് മാസത്തിലാണു്.

....

കൈത്തറിവ്യവസായ വികസനത്തിനു് 39384ക ചിലവിട്ടു

തൃശ്ശൂർ, ഏ. 14

കൈത്തറി വികസന പ്രവർത്തനങ്ങൾക്കവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ 39384 രൂപ ചിലവു ചെയ്യുകയുണ്ടായി, അതിൽ 33802 രൂപായും കൈത്തറി വസ്ത്രങ്ങളുടെ വില്പനയിലുള്ള റിബേറ്റിനായവേണ്ടിയാണു് വിനിയോഗിച്ചതു്. കൈത്തറി ഉപകരണങ്ങളും വാങ്ങിയ്ക്കുന്നതിനുള്ള ഗ്രാന്റായി 1332 രൂപായും കൈത്തറി കർമ്മ യന്ത്രത്തറികളായി മാറ്റുന്നതിനുള്ള വായ്പയായി 5000 രൂപായും കൈത്തറികളുടെ സഹകരണസംഘങ്ങൾക്കു് 250 രൂപായും ചിലവാക്കി.

കർഷകസമാജവാഷികം

വെള്ളിനിശ്ശേരി ഏപ്രിൽ 13

പാലക്കൽ വെള്ളിനിശ്ശേരി കർഷകസമാജത്തിന്റെ ഒന്നാം വാഷികം വിവിധ കലാപരിപാടികളോടുകൂടി നടത്തപ്പെട്ടിരിയ്ക്കുന്നു. ഇതു സംബന്ധിച്ചു ചേർന്നപൊതുയോഗത്തിൽ ശ്രീ.ഐ.എം. വേലായുധൻ ചേർപ്പു ബി. ഡി. ക. ശ്രീ ജേക്കബ്ബ് സാമുവൽ പാറളം പഞ്ചായത്തു് എക്സ്റ്റൻഷ്യൽ ഓഫീസർമാർക്കും പഞ്ചായത്തു പ്രസിഡണ്ടുമാർക്കുമുള്ള പരിശീലനം എപ്രിൽ 20–ാംനു- മുതൽ 25–ാംനു-വരെ ബ്ലോക്കു് കാഫ്സിൽവച്ച നല്കുന്നതായിരിക്കും ഏപ്രിൽ 26–ാംനു- മുതൽ മേയ് ഒന്നാം തിയ്യതി വരെ സ്ത്രീംഅദ്ധ്യാപകർക്കും ഈ പരിശീലനം നല്കുന്നുണ്ടു്. മറ്റുള്ളവർക്കുള്ള പരിശീലനം മേയ് മാസത്തിലാണു്.

....

ലെവൽ ക്രോസ്സുകൾ അടച്ചിടുന്നു

തൃശ്ശൂർ ഏപ്രിൽ 13

ചെട്ടിക്കുടി–മുള്ളൂർക്കര എന്നീ റെയിൽവേസ്റ്റേഷനുകൾക്കിടയ്ക്കു് 6/3–4 കിലോമീറ്ററിലും ചെറുതുരുത്തി പയ്യനം സ്റ്റേഷനുകൾക്കിടയ്ക്കു് 1/14–15 കിലോമീറ്ററിലും ഷൊർണ്ണൂർ–എറണാകുളം മെയിൻ റോഡിലുള്ള ലെവൽ ക്രോസിംഗുകളും മുകളന്നുകാവു് സ്റ്റേഷനിൽ 23/5–6കിലോമീറ്ററിലുള്ളതുകളും റോഡുകളുമായിയോജിപ്പിക്കുന്ന ടർ റോഡിലുള്ള ലെവൽക്രോസിംഗും യഥാക്രമം ഏപ്രിൽ 20, 22, 23, എന്നീ തിയതികളിൽ രാത്രി 8 മണി മുതൽ പിറ്റേദിവസം രാവിലെ 6 മണിവരെ കേടുപാടുകൾ തീർക്കുന്നതിനുവേണ്ടി അടച്ചിടുന്നതാണെന്നു് അധികൃതരുടെ ഒരു അറിയിപ്പിൽ പറയുന്നു.

ദക്ഷിണേന്ത്യൻ ഭാഷകളിൽ ബാലസാഹിത്യ മത്സരം

മദ്രാസ് ഏപ്രിൽ 13

ദക്ഷിണേന്ത്യൻ ഭാഷകളിൽ നല്ല ബാലസാഹിത്യങ്ങളുടെ രചനയ്ക്കും ചിത്രീകരണത്തിനും പ്രോത്സാഹനവും പ്രോത്സാഹനവും നൽകുന്നതിനായി നടത്തുന്ന രണ്ടു ബാലസാഹിത്യമത്സരത്തിലേക്കു മലയാളം, തമിഴ്, തെലുങ്ക്, കന്നഡ എന്നീ ഭാഷകളിലെഴുതിയ പുതിയതും മൌലികവുമായ കയ്യെഴുത്തു പ്രതികൾ സ്വീകരിക്കുന്നതാണെന്നു ദക്ഷിണ ഭാഷാ ഗ്രന്ഥസമിതി അറിയിക്കുന്നു. ഓരോ ഭാഷയിലും വിജ്ഞാനപരമായ കൃതിക്കു് ഒരു സമ്മാനം ഭാവനാപരമായ കൃതിക്കു ഒരു സമ്മാനം ആങ്ങിനെ നാലുഭാഷകളിലുമായി ആകെ എട്ടു സമ്മാനങ്ങൾ നൽകുന്നതായിരിക്കും.


ഭാവനാപരമായ കൃതികൾ കഥകളോ യക്ഷികഥകളോ, കവിതയോ മറ്റോ ആവാം. വിജ്ഞാനപരമായ കൃതികളുടെ കൈയ്യെഴുത്തിൽ ജീവചരിത്രപരവും ചരിത്രപരവും ശാസ്ത്രപരവും അത്തരത്തിലുള്ളതുമായ വിഷയങ്ങളാകാം ഉൾപ്പെടുന്നതാണു്. കയ്യെഴുത്തുപ്രതികൾ 250 കവിയാൻ പാടില്ലാത്തതും 250 കുറയാതെ റോയൽറീമിൽ മുൻതൂവെള്ള കൊടുക്കേണ്ടതുമാണു്. സമ്മാനാർഹമായ കൃതികൾ കൂടാതെ ഓരോ ഭാഷയിലും ഏറ്റവും നല്ല കൃതിക്കു കൂടി ഒരു പ്രത്യേക സമ്മാനം നൽകുന്നതാണു്. ഈ മത്സരത്തിൽ പങ്കെടുക്കുന്നവർ തങ്ങളുടെ കൃതികൾ ഏപ്രിൽ 30–നകം ഗ്രന്ഥസമിതിയുടെ ഓഫീസിൽ കിട്ടത്തക്കവണ്ണം അയച്ചുകൊടുക്കേണ്ടതാണു്. കൂടുതൽ വിവരങ്ങൾക്കു് സതേൺ ലാംഗ്വേജസ് ബുക്ക് ട്രസ്റ്റ്, 25 സ്റ്റർലിങ്ങ് റോഡ്, മദ്രാസ്–34 എന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

....

എബ്രഹാംലിങ്കന്റെ ചരമശതാബ്ദി

നാളെ ലോകം മുഴുവൻ ആ വിമോചകനേതാവിനു് ആദരാഞ്ജലികളർപ്പിക്കുന്നു

നാളെ (ഏപ്രിൽ 15) എബ്രഹാംലിങ്കന്റെ ജന്മശതാബ്ദി ആചരിക്കുകയാണു്. ഇന്ത്യാഗവണ്മെണ്ടു് ആ ദിനത്തിൽ ഒരു പ്രത്യേക സ്റ്റാമ്പു് പുറപ്പെടുവിക്കുന്നുണ്ടു്. ഈ അവസരത്തിൽ മഹാനായ ആ വിമോചകന്റെ ജീവിതത്തിലേയ്ക്കൊന്നെത്തിനോക്കുന്നതു് നന്നായിരിക്കും.



ഇന്ത്യൻ ജനതയുടെ അത്യധികമായ സ്നേഹാദരങ്ങൾക്കു പാത്രമായ മഹാനാണു് എബ്രഹാം ലിങ്കൻ, അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം ഇന്ത്യാ ഗവൺമെൻറ് ഒരു പ്രത്യേക സ്റ്റാമ്പു് അദ്ദേഹത്തിന്റെ ചരമശതാബ്ദി ദിനമായ ഏപ്രിൽ 15–ാം തിയതി പുറപ്പെടുവിക്കുകയാണു്. അമേരിക്കയിലെ വനാന്തരങ്ങളിൽനിന്നു് വൈറ്റ്ഹൌസിലേയ്ക്കുള്ള അദ്ദേഹത്തിന്റെ ഐതിഹാസികമായ സഞ്ചാരത്തിനും നീഗ്രോജനതക്കു് അടിമത്തത്തിൽനിന്നു സ്വാതന്ത്ര്യം നല്കിക്കൊണ്ടുള്ള വിമോചന വിളംബരത്തിനും അദ്ദേഹത്തിന്റെ അനശ്വരമായ ഗെറ്റിസ്ബർഗ് പ്രസംഗത്തിനും ഏതിരാളികളോടുപോലും അദ്ദേഹം പ്രകടിപ്പിച്ചിരുന്ന മനുഷ്യത്വത്തിനും ഭയസ്ഥും അദ്ദേഹം ബഹുമാനിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നു.

ഒരു ഘാതകന്റെ വെടിയുണ്ടയ്ക്കു് അദ്ദേഹം ഇരയാകുന്നതിനു് ഏതാനും ആഴ്ചകൊണ്ടു മുമ്പുണ്ടു്, അനന്തമായ ശ്രേയസ്സും ഔദാര്യവും പ്രകടിപ്പിച്ചുകൊണ്ടുള്ള തന്റെ വാഗ്വൈഭവപൂർവ്വമായ രണ്ടാമത്തെ സ്ഥാനാരോഹണ പ്രസംഗം അദ്ദേഹം ചെയ്തതു് അദ്ദേഹം ഇപ്രകാരം പറഞ്ഞു.

"ആരോടും വിദ്വേഷമില്ലാതെയും എല്ലാവരോടും ഔദാര്യത്തോടുകൂടിയും, ശരിയായിട്ടുള്ളതെന്ന ദൈവം നമ്മെ കാണിക്കുന്നതിൽ ഉറച്ചുനിന്നുകൊണ്ടും നാം ഏർപ്പെട്ടിരിക്കുന്ന ജോലി തീർക്കാനും രാഷ്ട്രത്തിന്റെ മുറിവുകൾ വച്ചുകെട്ടാനും, യുദ്ധത്തിന്റെ ഭാരം വഹിച്ചവനും അവന്റെ വിധവയ്ക്കും അവന്റെ അനാഥക്കുട്ടികൾക്കും സംരക്ഷണം നൽകാനും നമുക്കുചെയ്തിയിലും എല്ലാ രാഷ്ട്രങ്ങളുമായും നീതിപൂർവ്വകവും ശാശ്വതവുമായ സമാധാനസമ്പാദിക്കാനും പലതാനും കഴിയുന്നതെല്ലാം ചെയ്യാനും നമുക്കു പരിശ്രമിക്കാം."

ആഭ്യന്തരസമാനന്തരമുള്ള കാലഘട്ടത്തിൽ എപ്രകാരം വിദ്വേഷവും നൈരാശ്യവും ഉളവായിരുന്നെങ്കിലും, ലിങ്കന്റെ സ്വപ്നങ്ങളും ആശകളും അദ്ദേഹത്തോടൊപ്പം അസ്തമിച്ചില്ല. ആരാധിക്കാനുള്ള ഒരു സുരണയോ അനുകരിക്കാനുള്ള ഒരു മനോഭാവമോ മാത്രമല്ല, ഭാവിയെപ്പറ്റിയുള്ള ദർശനം, ഒരു ദേശീയ ലക്ഷ്യബോധം. അദ്ദേഹം രാജ്യത്തിനു് നൽകിയിട്ടാണു് പോയതു്. ഛിന്നിച്ചിക്കപ്പെട്ടവരും ഇടറിയവരുമായ ഒരു ജനതയ്ക്കു് അവരുടെ ആദർശങ്ങൾ അദ്ദേഹം വീണ്ടെടുത്തുകൊടുത്തു; അവയെ വിലമതിക്കുവാൻ ആ ജനതയെ അദ്ദേഹം പ്രേരിപ്പിച്ചു.

കെൻറക്കിയിലെ വനാന്തരങ്ങളിൽ വളരെ ഞെരുക്കമുള്ള സാഹചര്യങ്ങളിൽ ജീവിതമാരംഭിച്ച ഏബ്രഹാംലിങ്കൻ മാനഷികാടിമത്തം അധർമ്മികമാണെന്നുള്ള ദ്യുദ്ധബോധ്യത്തോടുകൂടിയാണു് വളർന്നുവന്നതു്. 1855–ൽ തന്റെ ഒരു സുഹൃത്തിനു് അദ്ദേഹം നിശിതമായ ഭാഷയിൽ എഴുതി. അപകടഷത്തിലേയ്ക്കുള്ളനാമുടെ പുരോഗതി സാമാന്യം വേഗത്തിലാണെന്നുതോന്നുന്നു. എല്ലാ മനുഷ്യരും സമന്മാരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. എന്ന പ്രഖ്യാപിച്ചുകൊണ്ടാണു് ഒരു രാഷ്ട്രമെന്ന നിലയിലുള്ള നമ്മുടെ തുടക്കം. നീഗ്രോകൾ ഒഴിച്ചുള്ള എല്ലാ മനുഷ്യരും സമന്മാരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നാണു് നാമിപ്പോൾ അതു് പ്രായോഗികമായി വായിക്കുന്നതു്.

ഒരു നൂറ്റവർഷങ്ങൾക്കുശേഷവും മഹാനായ വിമോചകന്റെ ഈ വികാരങ്ങൾ അമേരിക്കയിൽ വർഗ്ഗപരമായ സമത്വത്തിനുവേണ്ടിയുള്ള സമരത്തിനു് പിന്തുണനൽകുന്നുണ്ടു്. രണ്ടുവർഷം മുമ്പു് നീഗ്രോകളുടെ സമരത്തിനു് സമത്വവും ശക്തവുമായ പിന്തുണ പ്രകടിപ്പിക്കുവാൻ രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലുംനിന്നുള്ളവരും എല്ലാ വർഗ്ഗത്തിൽപെട്ടവരുമായ രണ്ടരലക്ഷത്തിൽപരം അമേരിക്കക്കാർ സമ്മേളിച്ചതു് വാഷിംഗ്ടൺ ഡി. സി. യിലുള്ള ലിങ്കൻ സ്മാരകത്തിന്റെ മുമ്പിലായിരുന്നു.

പക്ഷേ ഏബ്രഹാംലിങ്കൻ അമേരിക്കയുടെ മാത്രമല്ല. സ്വാതന്ത്ര്യത്തെ സ്നേഹിക്കുന്നവരും ലോകത്തിന്റെ ഏതുഭാഗത്തും മർദ്ദനത്തിനും അനീതിക്കുമെതിരായി സമരംചെയ്യുന്നവരുമായുള്ള എല്ലാവരുടേയുമാണു്.

ലിങ്കന്റെ അകമഴിഞ്ഞ ഒരു ആരാധകനായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്രു. ഏതാനും വർഷംമുമ്പു് ലിങ്കനുള്ള വിശ്വജനീനമായ വശ്യത അപഗ്രഥിക്കുവാൻ ശ്രമിക്കവേ അദ്ദേഹം പറഞ്ഞു. ലോക. വിജയമതിക്കുന്നതും അപൂർവ്വമായേ വിജയിക്കുന്നുള്ളവെങ്കിലും, ജീവിതത്തിൽ നടപ്പിൽവരുത്താൻ ശ്രമിക്കുന്നതുമായ ചില ആദർശങ്ങളുടെ മൂർത്തീകരണമായി, ലോകമനഃസാക്ഷിയുടെ ഒരു ഭാഗമായിത്തീർന്നിട്ടുള്ള മഹാന്മാരായ വളരെ ചുരുക്കമാളുകളിൽ ഒരാളായിരുന്ന ഏബ്രഹാംലിങ്കൻ എന്നുള്ളതു് പ്രകടമാണു്.

അദ്ദേഹം ഇപ്രകാരം പറഞ്ഞു: ലിങ്കൻ സാധാരണമനുഷ്യരിൽനിന്നു് വളരെ വ്യത്യസ്തനായിരുന്നു. എങ്കിലും വളരെയധികം മനുഷ്യത്വം ഉള്ള ഒരാൾ ആയിരുന്നു, അദ്ദേഹം പ്രവർത്തനനിരതനായ ഒരു പടയാളിയുടെയും അതേസമയം, സമരരംഗത്തിനു് ഉപരിയായിരുന്നുകൊണ്ടു മനുഷ്യന്റെയും ഒരു വിചിത്രസങ്കലനമായിരുന്നു; അദ്ദേഹം അർത്ഥങ്ങളോടു് ആവേശപൂർവ്വമായ അഭിനിവേശമുള്ളവനും അവക്കവേണ്ടി പ്രവർത്തിക്കുന്നവനും ആയ ഒരു മനുഷ്യൻ ആയിരുന്നു എങ്കിലും പ്രശാന്തനും വിജയത്തിലും പരാജയത്തിലും ഇളകാത്തവനും ആയിരുന്നു.

സ്വാതന്ത്ര്യം വ്യക്തിപരമായ സ്വാതന്ത്ര്യം എന്ന ആശയവും തന്റെ സുപ്രസിദ്ധമായ പ്രസംഗത്തിൽ അദ്ദേഹംപ്രസ്താവിച്ചതുപോലെ സ്വാതന്ത്ര്യത്തിൽത്രപംകൊണ്ടതും എല്ലാ മനുഷ്യരും സമന്മാരാണെന്നുള്ള സിദ്ധാന്തത്തിനുവേണ്ടി അർപ്പിക്കപ്പെട്ടതുമായ ഒരു രാഷ്ട്രം എന്ന ആശയവും ഇന്നും ലോകത്തിൽ ശ്രദ്ധാവിഷയമാണു്. ഈ ആശയങ്ങളുടെ മൂർത്തീകരണമാണു് അദ്ദേഹം. ഒരു രാഷ്ട്രമല്ല, ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളും സ്വാതന്ത്ര്യത്തിൽ രൂപംകൊണ്ടതും ആ സിദ്ധാന്തത്തിനുവേണ്ടി അർപ്പിക്കപ്പെട്ടതും ആയിരിക്കണമെന്നാണു് നാമാശിക്കുന്നതു്", എന്നു് നെഹ്രുപറഞ്ഞ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിലെ അമേരിക്കയുടെ അതിർത്തിപാരമ്പര്യങ്ങൾക്കനുസരിച്ചതായിരുന്നു ലിങ്കന്റെ ജീവിതം.

അദ്ദേഹത്തിന്റെ പശ്ചാത്തലമായ ബാഹ്യരൂപം അത്തരമൊരു ജീവിതത്തിലെ കഷ്ടങ്ങളുടെ ഒരു സൂചനയായിരുന്നു. എങ്കിലും ശ്രദ്ധിച്ചു ആ മുഖത്തു സഹായത്തിനും ഭൂതിയും മൂടലഭാവവും നഷ്ടബോധവും–സംസ്കാരസമ്പന്നനായ ഒരു മനുഷ്യന്റെ യഥാർത്ഥമായ സവിശേഷതകളും–പ്രതിഫലിച്ചിരുന്നു.

ഭാരിദ്ര്യത്തിലും കൂപചാരികമായി വിദ്യാലയത്തിൽ പോയുള്ള പഠനം മിക്കവാറും ഇല്ലാതെതന്നെയും വളർന്നുവന്ന അദ്ദേഹം ഒരു മഹാനായ പ്രാസംഗികനും എഴുത്തുകാരനും അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡണ്ടും ആയിത്തീർന്നു. നിരാശകളും പരാജയങ്ങളുംകൊണ്ടു് ബുദ്ധിമുട്ടിയ അദ്ദേഹം, അവയ്ക്കു വശംവദനാകാതെ, എല്ലാ അമേരിക്കൻ രാജ്യതന്ത്രജ്ഞന്മാരേക്കാളും ഏറെവുമധികം ബഹുമാനിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്ന വ്യക്തിയായിത്തീർന്നു.

1809 ഫെബ്രുവരി 12–ാംതീയതി കെൻറക്കിയിൽ ജനിച്ച ലിങ്കൻ ഏഴാമത്തെ വയസ്സിൽ കുടുംബത്തോടൊന്നിച്ചു് ഇൻഡ്യാനായിലേയ്ക്കു് താമസം മാറി. അവിടെ ഇടവിട്ടിടവിട്ടു് പത്തുകൊല്ലത്തോളം അദ്ദേഹം സ്കൂളിൽ പോയിരുന്നു. കുടുംബപരമായ കൃഷിത്തോപ്പിലാണു് അധികസമയവും ചെലവഴിച്ചിരുന്നതു്. എങ്കിലും കിട്ടിയ പുസ്തകങ്ങളെല്ലാം അദ്ദേഹം വായിച്ചിരുന്നു. ചില പ്പോൾ ഒരു പുസ്തകം കടംവാങ്ങാൻ അനേകം മൈൽ തന്നെ അദ്ദേഹം നടന്നു പോയിരുന്നു.

അദ്ദേഹം പല തൊഴിലുകളിലും ഏർപ്പെട്ടു. 1932ൽ ഇല്ലിനോയി സ്റ്റോറ് നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അദ്ദേഹം തീരുമാനിച്ചു. ആ വർഷം ലിങ്കൻ പരാജിതനായെങ്കിലും, 1834ൽ അദ്ദേഹം വീണ്ടും മത്സരിക്കുകയും വിജയിക്കുകയുംചെയ്തു. അതിനുശേഷം മൂന്നു തവണകൂടി അദ്ദേഹം ഇല്ലിനോയി സ്റ്റോറ് നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

നിയമസഭാംഗമായിരുന്ന കാലത്തു് അദ്ദേഹം അഭിഭാഷക വൃത്തിയിലും ഏർപ്പെട്ടു. ഈ രംഗത്തു് അദ്ദേഹത്തിന് വ്യാപകമായ അംഗീകരണമാണു് ലഭിച്ചതു്. വാഗ്വിലാസമുള്ള ഒരു പ്രാസംഗികനും സമർത്ഥനായ ഒരു അഭിഭാഷകനുമായിരുന്ന അദ്ദേഹം ശരിയെന്നും നീതിയെന്നും തോന്നിയ കേസ്സുതർക മാത്രമേ സ്വീകരിക്കുകയും വാദിക്കുകയും ചെയ്തിരുന്നുള്ള.

1847ൽ വിഗ്പാർട്ടിയിലെ കരുംഗമായി അമേരിക്കൻ പ്രതിനിധി സഭയിലേയ്ക്കു് ലിങ്കൻ തെരഞ്ഞെടുക്കപ്പെട്ടു. വാഷിംഗ്ടണിൽ, അടിമത്തം നിർത്തലാക്കുന്നതിനുവേണ്ടി അദ്ദേഹം കഠിനശ്രമംനടത്തി. വളർന്നുവരുന്ന കുടുംബത്തിനും തന്റെ പിതാവിനും ചിരഭാഗ്യം തന്റെ വേല തുടർന്നു. അപ്പോഴും അദ്ദേഹത്തിന്റെ മുഖം പ്രസന്നമായിരുന്നു. വിവാഹത്തിന്റെ ഒരു കരിനിഴലും ആ മുഖത്തു് കാണപ്പെട്ടിരുന്നില്ല. കുടുംബാരോഗ്യത്തിനു ശേഷവും മൂന്നുകൊല്ലക്കാലത്തോളം അദ്ദേഹം അവക്കുവേണ്ടി വേലചെയ്തു. നേഴ്സറി നടത്തുന്നതിൽ അദ്ദേഹത്തെ സഹായിക്കാൻ ഉപവിയുടെ കരുണാർദ്രകന്യാസ്ത്രീകളും കൂടി വന്നപ്പോഴേക്കും അദ്ദേഹം ആനന്ദംകൊണ്ടു് തുള്ളിച്ചാടി. തന്റെ ശരീരത്തിലെ കഷ്ടരോഗത്തെപ്പറ്റി അദ്ദേഹം തെല്ലും വേവലാതിച്ചില്ല. അവസാനം ആ മനുഷ്യസ്നേഹി 1889 ഏപ്രിൽ 15നു് ഈ ലോകത്തോടു് വിടവാങ്ങി

ഫാദർ ഡാമിയനെ അടുത്തറിഞ്ഞവർ പലരും അദ്ദേഹം ഒരു കടംപിടിച്ച ക്കാരനായിരുന്നു എന്നു പറഞ്ഞിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ സേവനത്തിന്റെ മുമ്പിൽ അവയെല്ലാം അദ്ദേഹത്തിന്റെ മഹത്വത്തിനു് മാറ്റുകൂട്ടി. ഇന്നും ലോകം അദ്ദേഹത്തെ ബഹുമാനിക്കുന്നതിന്റെ കാരണം അദ്ദേഹത്തിന്റെ നിസ്വാർത്ഥ സേവനമായിരുന്നു. ആ മനുഷ്യസ്നേഹിയെ ലോകം കരിക്കുലും വിസ്മരിക്കയില്ല.

.....

ഫാദർ ഡാമിയൻ

മറ്റുള്ളവർക്കുവേണ്ടി സ്വയം അർപ്പണംചെയ്ത ആ മനുഷ്യസ്നേഹിയുടെ ചരമദിനം നാളെ ആചരിക്കുന്നു

വി. ജെ. ജെയിംസ്, പൂമല

1965 ഏപ്രിൽ 15–ാംനു- ഫാദർ ഡാമിയൻ നിര്യാതനായിട്ടു് 76 വർഷങ്ങൾ തികയുകയാണു്.

"ഇണപ്രാവുകൾ"

ഉദയായുടെ ഉൽകൃഷ്ടമായ മറെറാരു കലാസൃഷ്ടി

— സുനിൽ —

മലയാള സിനിമയുടെ കൊയ്ത്തുകാലമാണിത്. നഗരങ്ങളിലെ ഏകദേശം എല്ലാ തിയറററുകളിലും ഇന്ന് മലയാളം പടങ്ങളാണ് ഓടുന്നതു്. തമിഴ്സിനിമകൾപോലും മലയാളത്തിന്റെ മണ്ണിൽനിന്നും പുറംതള്ളപ്പെടുകയണ്. പക്ഷെ വേദനാജനകമായൊരു സത്യം ഇതിന്റെ പിന്നിൽ പതിയിരിപ്പുണ്ട്. പുരത്തിറങ്ങുന്ന ഒട്ടേറെ ചിത്രങ്ങളും മുടയിലേ വാടിപ്പോകുകയാണ്. അടുത്തിറങ്ങിയ പലചിത്രങ്ങൾക്കും മുടക്ക്കാശ്പോലുംതന്നെ കിട്ടിക്കാണുകയില്ല.

എന്നാൽ മലയാള സിനിമാവേദിക്ക് കനപ്പെട്ട നിരവധി സംഭാവനകൾ നർപ്പിച്ച ശ്രീ കഞ്ചാക്കോ തന്റെ പുതിയ ചിത്രമായ 'ഇണപ്രാവു'കളിലൂടെ വളരെ വിലപ്പെട്ടൊരു വാഗ്ദാനമാണ് മലയ ളസിനിമാവേദിക്ക് കാഴ്ചവെച്ചിരിക്കുന്നത്.

മധ്യതിരുവിതാംകൂറിലെ മനോഹരമായൊരു നാട്ടിൻപുറത്താണ് മുട്ടത്ത്വ കീർത്തിയുടെ ഈ കഥ നടക്കുന്നത്. കൈതപ്പൂക്കളും കാക്കത്തമ്പുരാട്ടികളും കൈതോപ്പുകളും ഞാറ്റുപുകണ്ടകളുമുള്ള പ്രകൃതിയുടെ കളിത്തൊട്ടിലായ ഒരു നാട്ടിൻപുറം. കന്നംപൂട്ടുകാരും കാളവണ്ടിക്കാരും മീൻപിടുത്തക്കാരും കടത്തുവള്ളക്കാരും പരസ്പരം അവിടെ കുശുമ്പും പരദൂഷണവും പറഞ്ഞ് ചേർന്നു ജീവിക്കുന്നു. കതിരണിഞ്ഞനിന്ന ആ ഗ്രാമജീവിതത്തിന്റെ കപടങ്കടിലുകളിൽ പതനനതന്ന രണ്ടിണപ്രാവുകളാണ് അന്തോണിയും റാഹേലും. അന്തോണി വള്ളക്കാരൻ കൊച്ചുപ്പിയുടെ മകനാണ്. അവന്റെ സഹോദരിയാണ് വസ്തുതിക്കട്ടക്കായ അമ്മിണി. അവരുടെ അയൽപക്കക്കാരനാണ് വണ്ടിക്കാരൻ കുഞ്ചെറിയ. അദ്ദേഹത്തിന്റെ കാമനകളാണ് റാഹേൽ.

ആററിൽ കടലാസുവഞ്ചി തുഴഞ്ഞുകളിക്കുന്ന ആ ഇണപ്രാവുകളെനോക്കി കൊച്ചുപ്പിയുടെ ഭാര്യ മമ്മിയും കുഞ്ചെറിയായുടെ ഭാര്യ മറിയാമ്മയും പറയും "റാഹേൽ അന്തോണിക്കുവേണ്ടി ജനിച്ചവളാണ്".

കൊച്ചുന്നാളിൽ ഒരുമിച്ചവസം ബംഗ്ലാവിലെ രാജൻ (ആ നാട്ടിൻപുറത്തെ മുതലാളിയായ ചാണ്ടിസാറിന്റെ പുത്രൻ) കളിച്ചുനിന്ന് ആ ബാല്യകാലസഖികളുടെ കടലാസുവള്ളങ്ങളും കല്ലെറിഞ്ഞുതകർക്കി. ക്രൂരനായ അന്തോണി രാജനെ ചെളിയിൽ മുക്കി. അതൊരു വലിയ സംഭവമായി. ബംഗ്ലാവിൽ അന്തോണിയുടെ അമ്മയ്ക്കുണ്ടായിരുന്ന ജോലി നഷ്ടപ്പെട്ടു.

വസന്തങ്ങളും നിരവധി കൊഴിഞ്ഞുപോയി. ആ ഇണപ്രാവുകളും നട്ടുവളർത്തിയ കണ്ണുമാവിൻതയ്യോടൊപ്പം അവരും വളർന്നു. വണ്ടിക്കാരൻ കുഞ്ചെറിയാച്ചൻ പ്രായമായി. ഇന്ന് ആ കാളവണ്ടി ജോലിനോക്കുന്നതു് അന്തോണിയാണ്.

ആ അയൽപക്കങ്ങളും പിന്നേയുംപിന്നേയും അടുത്തുവന്നു. അന്തോണിയുടേയും റാഹേലിന്റെയും വിവാഹങ്ങളും നിശ്ചയിക്കപ്പെട്ടു.

ആയിടയ്ക്കാണ് ബംഗ്ലാവിലെ രാജൻ ബിരുദങ്ങളുമായി നാട്ടിലെത്തിയതു്. അയാളും ആ ഗ്രാമീണജീവിതവുമായി ഇഴുകിച്ചേരാൻ ആഗ്രഹിച്ചു. നാട്ടിൻപുറങ്ങളിൽ ആ ചെറുപ്പക്കാരൻ എന്നും സ്വയാഹസവാരി നടത്തി. വിദേശയാത്രകഴിഞ്ഞവരുന്ന രാജന്റെ മനസ്സിൽ പതിഞ്ഞകിടന്നിരുന്ന റാഹേലിന്റെ ചിത്രത്തിനു് ആ സായാഹസവാരിയിലെ കൂട്ടിമുട്ടലുകളും നിറംപിടിപ്പിച്ചു. അവളെതന്നെ തന്റെ വധുവായി തെരഞ്ഞെടുക്കാൻ രാജൻ തീരുമാനിച്ചു. പക്ഷേ അന്തോണിയും റാഹേലുമായുള്ള സ്നേഹബന്ധം അവനുജ്ഞാതമായിരുന്നു.

ഈ സമയത്തെല്ലാം ബംഗ്ലാവിൽ രാജന്റെ വിവാഹാലോചനകൾ തകൃതിയായി നടക്കുകയായിരുന്നു.

അവസാനം രാജന്റെ മുമ്പിൽ ചാണ്ടിസാർ തലകനിച്ചു. മകനെ വേദനിപ്പിക്കാതിരിക്കാൻ അതു് സമ്മതിച്ചു. രാജനും റാഹേലുമായുള്ള വിവാഹത്തിനു നവാദം നല്കപ്പെട്ടു.

ആ രണ്ടു വീടുകളുടെ ഇടയ്ക്ക് ഒരു മതിലുയരേണ്ടിയുയർന്നു. കൊച്ചുപ്പിക്കും മുമ്മിക്കും അന്തോണിക്കും അമ്മിണിക്കും അതു മനസ്സിലായില്ല. റാഹേലും ഒരെത്തും പിടിയുമില്ലാതെ അന്ധാനനിന്നു ആ ഇണപ്രാവുകളുടെ കൂടിക്കാഴ്ചകൾ റാഹേലിന്റെ പിതാവു് തടഞ്ഞു. പക്ഷേ അന്തോണിയും റാഹേലും കളിച്ചും പഠിച്ചുമിയും ആ സ്നേഹബന്ധം പാവനമായി പൂജിച്ചു.

വിവാഹക്കാര്യം റാഹേലിനെ അറിയിച്ചപ്പോൾ അവിടെ ഒരഗ്നിപർവ്വതം പൊട്ടി. റാഹേൽ കാലുപിടിച്ചു കരഞ്ഞു. ബന്ധക്കാരും ചാച്ചുക്കാരും റാഹേലിന്റെ ചെവിയിൽ 'നല്ലതു്' ഉപദേശിച്ചു. റാഹേൽ തീരുമാനത്തിൽ നിന്ന് പതറിയില്ല. അവസാനം കുഞ്ചെറിയാ ആത്മഹത്യചെയ്യാൻ മുതിർന്നു. ആ കത്തി തട്ടിമാററിക്കൊണ്ട് റാഹേൽ സത്യം ചെയ്തു 'ഞാൻ രാജനെ വിവാഹം ചെയ്യും.'

ആയിടയ്ക്ക് അന്തോണി ബംഗ്ലാവിലെ ജോലിക്കാരനായിക്കഴിഞ്ഞിരുന്നു. വിവാഹാലോചനകൾ നിരാകരിക്കുവോണ് ഈ വിവാഹക്കാര്യത്തെപ്പറ്റി അന്തോണി അറിഞ്ഞതു്. അപ്പഴേ അവൻ മരിച്ചുകഴിഞ്ഞിരുന്നു. പക്ഷേ, റാഹേലിന്റെ ആത്മാർത്ഥതയിൽ അവനു വിശ്വാസമുണ്ടായിരുന്നു.

അന്തോണി അന്നുരാത്രി റാഹേലിനു ഒരു കത്തെഴുതിവെച്ച് മലബാറിലൊളിച്ചുവോയി. ഈ നാട്ടിൽനിന്നും വഷങ്ങൾക്കുമുമ്പ് കൃഷിക്കായി മലബാറിൽപോയി താമസിച്ചിരുന്ന കുട്ടിയുടെ വീട്ടിലേയ്ക്കു്.

വിവാഹദിവസം പുലർച്ച. ഇണപിരിഞ്ഞപോയ ഒരു കുഞ്ഞുനീർക്കിളിയെപ്പോലെ വിഷാദമൂകയായി റാഹേൽ പള്ളിയിലേയ്ക്കു് നടന്നു. വിവാഹവേദിയിലെ നമറിഞ്ഞ് അവശനും ദുഃഖിതനുമായ അന്തോണി രോഗക്കിടക്കയിൽനിന്നെഴുന്നേറ്റ് മലബാറിൽനിന്നും തിരിച്ചു. പള്ളിയിൽ റാഹേലിന്റെ കഴുത്തിൽരാജൻ മിന്നുകെട്ടിയപ്പോൾ അന്തോണിയുടെ കൈ മരവിച്ചുകഴിഞ്ഞിരുന്നു.

പള്ളിയിൽനിന്ന് വധൂവരന്മാരുടെ വിവാഹഘോഷയാത്ര അങ്കണത്തിലെത്തിയപ്പോൾ അന്തോണിയുടെ ശവമഞ്ചവുംഅവിടെ എത്തിക്കഴിഞ്ഞിരുന്നു. അന്തോണിയുടെ ഉണങ്ങിയ വുങ്ങിൽ റാഹേലിന്റെ രണ്ടിറ്റ് കണ്ണീർവീണു. അവൾ തളർന്ന് നിലംപതിച്ചു.

അന്ത്യനിമിഷങ്ങൾപോലുമെണ്ണി രോഗിണിയായി റാഹേൽ കട്ടിലിൽ കിടക്കുകയാണ്. അവളെ ശ്രുശ്രൂഷിക്കാൻ അമ്മിണിയുണ്ട്. തന്റെ കട്ടിലിനരികെ നിന്നിരുന്ന രാജനേറെയും അമ്മിണിയുടേയും കൈകൾ ചേർത്തുപിടിച്ചുകൊണ്ട് റാഹേൽ യാചിച്ചു, 'ഞാൻ പോവുകയാണ്; അമ്മിണിയെ അങ്ങ് വിവാഹം കഴിക്കണം.'

അന്ന് പാതിരയ്ക്ക് റാഹേൽ വേച്ച് വേച്ച് പുറത്തിറങ്ങി. അവൾ പ്രയാസപ്പെട്ട് അന്തോണിയുടെ കഴിമാടത്തിലെത്തി. ആവേശത്തോടെ ആ തറയിൽ അവൾ നെഞ്ചടിച്ചു വീണു. രാജനും ആശ്രമക്കാരും ഓടിയെത്തും മുമ്പേ തന്റെ ഇണപ്രാവിനോടൊപ്പം അവൾ കൂടുവിട്ട് പൊയ്കഴിഞ്ഞിരുന്നു.

റാഹേലിന്റെ അന്ത്യാഭിലാഷം രാജൻ പുലർത്തി. അമ്മിണിയും രാജനും തമ്മിൽ വിവാഹിതരായി. റാഹേലിന്റെയും അന്തോണിയുടേയും കുഴിമാടത്തിൽ അവർ കൂപ്പുകൈകളോടെ നില്ക്കുന്നതോടെ കഥ അവസാനിക്കുകയാണ്.

പതിനായിരങ്ങളുടെ ഹൃദയങ്ങളിൽ അലിഞ്ഞലിഞ്ഞു ചേർന്നിട്ടുള്ള മുട്ടത്തുവക്കിയുടെ ഈ കഥയിലെ വികാരം അല്പംപോലും ചോർന്നുപോകാതെ സെലുലോയ്ഡിലേയ്ക്കു പകർത്താൻ കഴിഞ്ഞ ഉദയക്കാരെ എത്ര അഭിനന്ദിച്ചാലും മതിവരില്ല.

ധാരാളം പുതുനടികളെ രംഗത്തവതരിപ്പിച്ച് ഒരു ചിത്രം വിജയിപ്പിക്കാൻ കഴിഞ്ഞു എന്നതിനുള്ള ക്രെഡിറ്റും കുഞ്ചാക്കോയെക്കാൾ മുൻപ് ആരും നേടിയെടുത്തുകാണാൻ വഴിയില്ല.

മനുഷ്യമനസ്സുകളെ പിടിച്ചിരുത്താൻ കഴിയുന്ന നിരവധി രംഗങ്ങളും ഈ ചിത്രത്തിലുടനീളം തുന്നിചേർക്കാൻ നിമിതാക്കാരുക്ക് കഴിഞ്ഞിട്ടുണ്ട്. കോളാമ്പിപ്പൂക്കളുള്ള വേലിക്കൽ അന്തോണിയും റാഹേലും നിന്ന് സംസാരിക്കുമ്പോൾ ആ കുടുംബത്തലവന്മാർ അതു് നോക്കി "റാഹേൽ അന്തോണിക്കുവേണ്ടി ജനിച്ചവളാണ്" എന്ന പറയുന്ന ഭാഗം ഹൃദയസ്പർശിയാണ്. കുഞ്ചെറിയായുടെ കാൽക്കൽ വീണ് മാപ്പപേക്ഷിക്കാൻ അന്തോണിയോട് കൊച്ചുപ്പി ആജ്ഞാപിക്കുന്ന ഭാഗവും വിവാഹപാർട്ടിയും ഘോഷയാത്രയും പള്ളിമുറ്റത്ത് വെച്ച് കണ്ടു മുട്ടുന്ന രംഗവും ആരേയും കരയിപ്പിക്കാതിരിക്കയില്ല: കുഞ്ചെറിയായുടെ വീട്ടിലേയ്ക്ക് കൊച്ചുപ്പി മദ്യം കൊടുത്തയക്കുന്നും അപ്പപ്പെട്ട വേലിമേൽ ചാരിനിന്ന് കൊച്ചുപ്പിയുടെ കുടുംബം കരയുന്നും വികാരത്തുമായിട്ടുണ്ട്. അന്തോണിയുടെ ശവകുടിരത്തിൽ നെഞ്ചടിച്ചുവീണ് അർപ്പണം ചെയ്ത റാഹേൽ നമ്മുടെ ഓമനകളിൽ എന്നമെന്നും ജീവിക്കുക തന്നെചെയ്യും. അല്പസല്പം കോട്ടങ്ങളും ഈ ചിത്രത്തിലില്ലാതില്ല. മനസ്സമ്മതം മുടങ്ങുന്നസമയത്ത് 'എനിക്കസമ്മതമാണ്' എന്നു് പെട്ടെന്നു പറയിക്കാതെ മറെറാരു വളെക്കൊണ്ടു പറയിച്ചതു് അത്രനന്നായില്ല. അങ്ങിനെ വളരെനേരിയ വൈകല്യങ്ങളും മാത്രമേ ഈ ചിത്രത്തിൽ കടന്നുകൂടിയിട്ടുള്ള എന്നതു് ഒരു പുതിയ അനുഭവമാണ്.

നിരവധി സിനിമകൾക്ക് സംഭാഷണങ്ങളെഴുതി മലയാളികളുടെ പ്രശംസക്കു പാത്രീഭൂതനായ മുട്ടത്തുവക്കിയുടെതാണ് ഇതിലെ കഥയും സംഭാഷണവും. കഴുക്കും ഓജസ്സുമുള്ള ഭാഷയിൽ ഈ കർത്തവ്യം നിവ്വഹിച്ച വക്കിക്ക് ഇതിൽ വേണ്ടുവോളം അഭിമാനിക്കാൻവകയുണ്ട്. വയലാറിന്റെ ഗാനങ്ങൾ സുന്ദരമായിട്ടുണ്ട്. ദക്ഷിണാമൂർത്തിയുടെ സംഗീതസംവിധാനം പ്രതീക്ഷിച്ചതിലും നന്നായി.

സത്യന്റെ അന്തോണിയും മുത്തയ്യയുടെ കൊച്ചുപ്പിയും ഈ ചിത്രത്തിൽവളരെ ഉയന്മാനദണ്ഡം പുലർത്തിയിരിക്കുന്നു. ഒരു നാടൻ തൊഴിലാളിയായി അഭിനയിച്ച സത്യൻ ഈ ചിത്രത്തിൽ ജീവിച്ചിരിക്കയാണ്. ഒരു നല്ല മീൻപിടുത്തക്കാരൻ കിഴവനായി അഭിനയിച്ച മുത്തയ്യായും കാണികളുടെ മനസ്സിൽനിന്നും അത്രപെട്ടെന്നു മാഞ്ഞുപോവില്ല.

തിക്കുറിശ്ശിയുടെ ചാണ്ടിസാറും കൊട്ടാരക്കരയുടെ കുഞ്ചെറിയായും നസീറിന്റെ രാജനും തങ്ങളുടെ കഥാപാത്രങ്ങളുമായി അലിഞ്ഞുചേർന്നിട്ടുണ്ട്. അടൂർ പങ്കജവും പങ്കജവല്ലിയും നന്നായിതന്നെ അഭിനയിച്ചു. അടൂർഭാസിയുടെ തമാശകൾ കുറെ കടന്നുപോയോ എന്നു തോന്നിപ്പോയി. എസ്. പി. യും ബഹദൂരും അവരുടെ പെരിയ ഭാഗങ്ങളും സാധാരണ നിലവാരത്തിൽതന്നെ രംഗത്താവിഷ്കരിച്ചിട്ടുണ്ട്.

പുമുഖമായ റാഹേൽ സിനിമാലോകത്തിനൊരു പുത്തൻവാഗ്ദാനമാണ്. സച്ചുവിന്റെ അമ്മിണി (അധികം മലയാളം പടങ്ങളിൽ കണ്ടിട്ടില്ല) ഒരു പുമുഖത്തിന്റെ പരിഭ്രമം കൂടാതെതന്നെ തന്റെ കടമ നിറവേറിയിട്ടുണ്ട്. കുഞ്ചെറിയായുടെ ഭാര്യയും നന്നായി എന്നുതന്നെ പറയാം.

എന്തുകൊണ്ടും മലയാള സിനിമാവേദിയിൽ ഉദയ അതിന്റെ വെന്നിക്കൊടി നാട്ടിക്കൊണ്ടിരിക്കുകയാണ്. ജീവിതത്തിന്റെ തനി മണമുള്ള ചിത്രങ്ങൾ അസ്വീലത്തിന്റെ അഴുക്കുചാലുകളില്ലാതെ സകുടുംബം കാണാൻകൊള്ളാവുന്ന വിധത്തിൽ അവതരിപ്പിക്കാൻ കഴിയുന്ന മലയാളത്തിലെ അറിയപ്പെടുന്ന നിർമ്മാതാക്കളും ഉദയയാണെന്ന ജനങ്ങളുടെ ഓമ്മ ഈ ചിത്രം ഒന്നുകൂടി പുതുക്കിയിട്ടുണ്ട്.

....o....

SHORT TENDER NOTICE

Sealed tenders for the work noted below will be received by the Executive Engineer, Irrigation Division P. W. D Trichur from the registered contractors of this division up to 3 P. M. on 24-4-65.

The tender documents will be sold from 19-4-1965 to 23-4-65 at the rates specified

Further details can be had from the office during office hours.

Sl No.	Name of the work.	Probable amount of contract.	Earnest money deposit	Cost of tender documents+S.T
1.	Transporting cement and M.S rods for the year 1965--66.	16,000/-	320/	2.06

Executive Engineer's office, Irrigation division, P.W.D Trichur, 31-3-1965

Sd/- A. T. DEVASSY Executive Engineer.

ലേലപരസ്യം

.....

കന്നുകാലികളും ബീജസംങ്കലന കേന്ദ്രത്തിൽ നില്ക്കുന്ന ഒരു മുറ വർഗ്ഗത്തിൽ പെട്ട വിത്തുപോത്തിനെ 1965 ഏപ്രിൽമാസം 21-ാം തിയ്യതി പകൽ 3 മണിക്ക് കന്നുകാലി മൃഗാസ്പത്രി പരിസരത്തുവെച്ച് പരസ്യമായി ലേലം ചെയ്യുന്നതാകുന്നു.

കൂടുതൽ വിവരങ്ങൾ കന്നുകാലി മൃഗാസ്പത്രി ഡോക്ടർ പക്കൽനിന്നും അറിയാവുന്നതാകുന്നു.

Veterinary Surgeon
In Charge.

ഒരു തുറന്ന കത്തു്


ബഃ കേരള ഗവണ്മെന്റ് എ. പി. ജെയിൻ അവർകൾക്ക്.

നമ്മുടെ പ്രധാനമായ കയ്യുപ്പാദനം കൃഷിമാത്രം, ഭക്ഷണക്ഷാമം, ഉൽപ്പാദനക്കുറവു്, തൊഴിൽ ഇല്ലായ്മ, വിദേശിൽ കഴപ്പം, അമിതമായ വിലകയറ്റം, ബഃ ഗവണ്മെന്റിനും വിധ്വംസനക്കാരനും ഇണങ്ങാധിത, ഭൂരിപക്ഷം ഉദ്യോഗസ്ഥന്മാരുടെയും ജനങ്ങളുടേയും വേപഥിച്ച് ഉഴിച്ച ദുഷ്ടമനസ്ഥിതി, ഉഴിച്ച കാലാവസ്ഥ, പാർട്ടികളുടെ മത്സരവും മാറും കൊണ്ടു കലിബാധിച്ച അരാജകത്വംവന്ന് പൂർണ്ണ ക്രമത്തിൽ കിടന്നു് നീറിപുകയുന്ന നാമളെ ബഃ ഗവണ്മെന്റിനു് മതങ്ങൾക്കും ഭ്രാന്ത കൂടാതെയും പുതിയ നിയമങ്ങളും ഉണ്ടാക്കാതെ ഉള്ള നിയമങ്ങളും ചിതറികിടക്കുന്നതു് വേണ്ടപോലെ ഉപയോഗിച്ച് എല്ലാ വിഷമങ്ങളും 90 ദിവസത്തിനകം തീർത്തു് നമ്മുടെ രാജ്യം സ്വശ്രയത്വമുള്ളതാക്കി മാറ്റ രാജ്യങ്ങളെക്കാളും സമാധാനത്തിലും സമൃദ്ധിയിലും തികഞ്ഞ ഒരു രാജ്യമാക്കി കെട്ടിപ്പടുക്കുവാൻ പറ്റിയ മാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ട്.

കയ്യുപ്പാടുകൾക്ക് കാരണം രണരംഗത്തുള്ള തുറന്ന അഴിമതിയാണ്. ഈ നാട്ടിലെ അഴിമതി കർത്തവ്യബോധം ഉണ്ടെങ്കിൽ അങ്ങേയ്ക്ക് തീർക്കാൻ കഴിയും. ഉദ്യോഗസ്ഥന്മാരുടെ രോഗം ഇന്നതാണ് എന്നു് ഞാൻ നല്ലവണ്ണം പഠിച്ചുവെച്ചിട്ടുണ്ട്. ചികിത്സ നിർദ്ദേശിച്ചതരാം. പ്രവൃത്തിക്കേണ്ടതു് അങ്ങയുടെ പ്രതലയാണ്. ഇവിടത്തെ വിഡ്ഢികളും രാജ്യദ്രോഹികളും ആയ ഉദ്യോഗസ്ഥന്മാർ ധരിച്ചുവച്ചിരിക്കുന്നതു് ആരുവന്നാലും തങ്ങളുടെ തോന്ന്യവാസം നിറുത്തുകയില്ല എന്നാണ്. രോഗം അറിഞ്ഞ് ചികിത്സിച്ചാൽ സുഖം പ്രാപിക്കാം. മുങ്ങാരായ കപ്പലായ ഈ നാട്ടിനെ നമുക്കു രക്ഷിക്കേണ്ടിയാണ് ഇതയും പായുന്നതു്. അങ്ങയുടെ മൻഗാമി ഗിരി അവർകൾ ഉദ്യോഗസ്ഥന്മാരുടെയും, മുതലാളിമാരുടെയും സ്നേഹം സമ്പാദിച്ചു. അഴിമതി പുണ്യ തുല്യമാക്കി ഉയർത്തി. അങ്ങിനെ് സാധാരണക്കാരെ മറന്നാൽ അഴിമതി കൊടുമുടി എത്തുകയും നമുക്ക് ടൈറാനിക്കിനും കേപ്പ്റൻ സ്മിത്തിനും പാറിയ അനുഭവം വന്നുചേരുകയും ചെയ്യും.

എന്നു്,

പറപ്പൂർ, 13-4-'65. } സി. ഡി. ജോസഫ് കന്നത്തു് P. O. പറപ്പൂർ.



ആക്ഷേപങ്ങളും ആവശ്യങ്ങളും

കൊട്ടവടിയും കുലുക്കിക്കുത്തും

പൊട്ടൻകാട്ട്, ഉല്പാർ ഫൈസൻ വാലി മുതലായ സ്ഥലങ്ങളിലും പരിസരപ്രദേശങ്ങളിലും കൊട്ടവടിയുടെയും അതു കുഴിക്കുന്ന ചെറുപ്പക്കാരുടെയും ശല്യം വർദ്ധിച്ചുവരുന്നു. അതുപോലെതന്നെയാണ് ഉപരിപ്രദേശങ്ങളിലെ ചീട്ടുകളിയും കലുക്കിക്കുത്തും (പടംകളി) അധികാരികൾ ശ്രദ്ധിക്കണം.

കഞ്ചിത്തണ്ണി നാട്ടുകാരൻ.

പോസ്റ്റൽ ഡെലിവറിവേണം

ഇരിങ്ങാലക്കുട ഡിവിഷൻ പോസ്റ്റൽ ഇൻസ്പക്ടറുടെ പരിധിയിൽ പെട്ട കരുവന്നൂർ സബ്പോസ്റ്റാഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന പനങ്കുളം ബ്രാഞ്ചുപോസ്റ്റ് ഓഫീസിലും ഡെലിവറി പോസ്റ്റുമാൻസ് ഡെലിവറിയില്ലാത്തതുകൊണ്ട് പൊതുജനങ്ങൾക്കും വ്യവസായശാലകൾക്കും വളരെ ബുദ്ധിമുട്ടുകളനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് ഉടനടി ഡെലിവറി അനുവദിക്കുന്നതിനാവശ്യമായ സൗകര്യം നടപടികളും സ്വീകരിക്കുന്നതിനു് തൃശ്ശൂർ ഡിവിഷൻ പോസ്റ്റൽ സൂപ്രണ്ടിനോടും പോസ്റ്റൽ ഇൻസ്പെക്ടറോടും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുക്കനാട്ട് സേവിയാർ.

"അൺ കപാളിഫൈഡ്" അദ്ധ്യാപകരും വെക്കേഷൻ പേയും"

കേരളത്തിൽ പ്രസിഡണ്ടുഭരണം തുടങ്ങിയിട്ട് ആറുമാസം കഴിഞ്ഞല്ലോ? അദ്ധ്യാപകക്ക് പല ആനുകൂല്യങ്ങളും കൊടുക്കുവെന്നു പറയുന്നുണ്ട്. ചെയ്യിട്ടുണ്ടെങ്കിൽ അൺ ട്രെയിൻഡ് അദ്ധ്യാപകരുടേയും അൺ കപാളിഫൈഡ് അദ്ധ്യാപകരുടേയും കഴുത്തിൽനിന്നും ഒരു തൊരിച്ചുകിട്ടിയ ചോരയല്ലേ കപാളിഫൈഡ് അദ്ധ്യാപകക്ക് കൊടുത്തതെന്നും സംശയിക്കുന്നു. ദേശീയോല്പാദനം വേണ്ടപോലെ വർദ്ധിക്കുന്ന കാര്യത്തിൽ ജനാധിപത്യ രീതിയിലുള്ള ഭരണസമ്പ്രദായം ഇങ്ങനെയാണോ?

ശങ്കർ മന്ത്രിസഭയുടെ നിർമ്മാനപ്രകാരം എല്ലാവർഷം വിദ്യാരംഭകാരം എഴുത്തുവർഷം വിദ്യാരംഭകാരം എഴുത്തുവർഷം ലഭിക്കുമായിരുന്നു. പ്രസിഡണ്ടുഭരണം വന്നപ്പോൾ അതു വെള്ളത്തിലായി. അതു പോകട്ടെ ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധിപ്പിച്ചിരിക്കുന്ന സമയത്തു് ശമ്പളം കൂട്ടിതരേണ്ടതിനുപകരം അടുത്ത കൊല്ലംമുതൽ മാസം 100 ഉറുപ്പികയായി സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചതു്. എന്തിന്റെ അടിസ്ഥാനത്തിലാണ് ഇതു ചെയ്തതെന്ന് മനസ്സിലാകുന്നില്ല. അൺ കപാളിഫൈഡ്സിന്റെയും വിശപ്പിന്റെ വ്യത്യാസമുണ്ടെന്നാണ് ഗവണ്മെണ്ടു് മനസ്സിലാക്കിയിട്ടുള്ളതെന്ന് അറിയുന്നു. അതുകൊണ്ടാണല്ലോ ഇടക്കാലാശ്വാസം അവക്ക കൊടുക്കാതിരുന്നതു്.

8ഉം 10ഉം മാസം സർവ്വീസുള്ള അദ്ധ്യാപകക്ക് ഇക്കൊല്ലം വെക്കേഷൻ ശമ്പളം ഉല്പെന്നാണ് അറിയാൻ സാധിച്ചിട്ടുള്ളതു്. എട്ടുമാസം സർവ്വീസുണ്ടെങ്കിൽ വെക്കേഷൻ ശമ്പളം കൊടുത്തിരുന്ന കേരളത്തിൽ പ്രസിഡണ്ടുഭരണം വന്നപ്പോൾ അതു ഇല്ലാതാക്കിയതു് നീതീകരിക്കാൻ സാധിക്കുമോ? വളരെയധികം ആശ്രമക്കാരുള്ള ഭാഷാദ്ധ്യാപകന്മാർ വെക്കേഷൻ ശമ്പളത്തെ വീക്ഷിച്ചുകൊണ്ടിരുന്നതു്.

എല്ലാ കൊല്ലത്തെപ്പോലെ ഇക്കൊല്ലവും 8 മാസം സർവ്വീസുള്ള എല്ലാ അദ്ധ്യാപകക്കും വെക്കേഷൻ ശമ്പളം കൊടുക്കാൻ വേണ്ട നടപടികളും ഗവണ്മെണ്ടു് ഉടനടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശമ്പളക്കമ്മീഷന്റെ റിപ്പോർട്ടിൽ അൺ കപാളിഫൈഡ് അദ്ധ്യാപകരുടെ കാര്യവും അവധാനപൂർവ്വം ഗവണ്മെണ്ടു് വീക്ഷിക്കുമെന്നു് വിചാരിക്കുന്നു

അന്നമനട ഒരു അദ്ധ്യാപകൻ.

എമർജൻസി കമ്മറിയുമായ ശാസ്ത്രിയുടെ ചർച്ച

ന്യൂഡൽഹി, ഏ. 12

കച്ചിലെ റാൺപ്രദേശത്തെ ഒടുവിലത്തെ സ്ഥിതിഗതികളെപ്പറ്റിയും കാബിനറിന്റെ എമർജൻസി കമ്മറിയുമായി പ്രധാനമന്ത്രി മി. ശാസ്ത്രി കൂടിയാലോചനകൾ നടത്തിയതിനുശേഷം ഇന്ത്യാ പാക്സ്ഥാനുകൾ തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ ആരായുന്നതിനുമായി ഇന്ന് കൂടിയാലോചനകൾ നടന്നതു്. സായാഹ്നത്തിൽ പ്രധാനമന്ത്രി രാജ്യരക്ഷാമന്ത്രിയുമായും വിദേശകാര്യമന്ത്രിയുമായും കൂടിയാലോചനകൾ നടത്തി.

തന്റെ മന്ത്രികാര്യാലയത്തേയ്ക്കുമാറ്റം ബന്ധിച്ചു പാർല്ലമെന്ററിന്റെ കൺസൾട്ടേറ്റീവ് കമ്മറി മെമ്പന്മാരുടെ യോഗത്തിൽ സ്ഥിതിഗതികളെപ്പറ്റി അഭ്യന്തരകാര്യമന്ത്രി മി. നന്ദ വിശദീകരിക്കുകയുണ്ടായി.

ഇന്ത്യൻ അതിർത്തിയിൽ നടന്ന ആക്രമണവേളയിൽ പാക്കിസ്ഥാനികൾ അമേരിക്കൻ ആയുധങ്ങൾ ഉപയോഗിച്ച പ്രശ്നം മെമ്പർമാർ ഉയർത്തുകയുണ്ടായി. പാക്കിസ്ഥാനെതിരായി ലോകാഭിപ്രായം സൃഷ്ടിക്കണമെന്നും അവർ അഭ്യർത്ഥിച്ചു.

കച്ച് ബാഹർ പ്രദേശത്താണ് പാക്കിസ്ഥാനികൾ അമേരിക്കൻ ആയുധങ്ങൾ ഉപയോഗിച്ചതെന്ന് ഒരു എം. പി. പറഞ്ഞു.

പാക്കിസ്ഥാന്റെ ആക്രമണനടപടികൾ ചുണ്ടിക്കാട്ടാൻ വിദേശപ്രസിദ്ധീകരണങ്ങൾക്കുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും മെമ്പർമാർ ആവശ്യപ്പെട്ടു.

ഇതെല്ലാം ഇതിനകം ചെയ്തുകഴിഞ്ഞുവെന്ന് മി. നന്ദ പറഞ്ഞു.

(പി. ടി. ഐ)

കളവ് ചെയ്യാൻ സക്കാർ കൂലി

ജമ്മു ഏപ്രിൽ 12

ജമ്മു കാശ്മീർ ഗ്രാമങ്ങളിൽ കൊള്ളയടി നടത്തുന്നതിനായി പാക്കിസ്ഥാൻ അധികൃതർ റസാക്കർമാരെ കൂലി കൊടുത്ത് നിയോഗിക്കുന്നതായി അറിവായിരിക്കുന്നു.

കൊള്ളയടി നടത്തുന്നതിനു് പ്രതിമാസം 60 രൂപയാണ് പാക്കിസ്ഥാൻ അധികൃതർ നൽകുന്നതു്.

പഞ്ചാബ് പ്രദേശത്തുനിന്നു് ഇന്ത്യൻ അറസ്റ്റുചെയ്യപ്പെട്ട ഒരു റസാക്കാരനാണ് ഈ വിവരം വെളിപ്പെടുത്തിയതു്. ഈ ആക്രമണകാരികൾക്ക് പാക്കിസ്ഥാൻ സംഘടിതമായ രീതിയിൽ പരിശീലനം നൽകുന്നുണ്ടെന്നും അയാൾ വെളിപ്പെടുത്തി.

....

അരി വരുന്നു

തിരുവനന്തപുരം, ഏ. 12

മദിരാശിയിൽനിന്നു് 20000 ടൺ അരിയും, ആന്ധ്രയിൽനിന്നു് 30000 ടൺ അരിയും മൈസൂരിൽനിന്നു് 12000ത്തോളം ടൺ അരിയും കേരളത്തിനു് അനുവദിച്ചിട്ടുള്ളതായി കഴിഞ്ഞ വസമായി ബാംഗ്ലൂരിലും മദിരാശിയിലും സന്ദർശനംകഴിഞ്ഞ് മടങ്ങിവന്ന സിവിൽ സപ്ലൈസ് കമ്മീഷണർ ശ്രീ കെ. എസ്. മേനോൻ ഇന്നാരു പത്രസമ്മേളനത്തിൽ വെളിപ്പെടുത

ജനപ്രതിനിധികളെ തടങ്കലിൽ അടച്ചു പൂട്ടുന്നതു് ഒരിക്കലും ന്യായമല്ല

അമേ: പ്രൊക്രാറ്റിക് നാഷനൽ കമ്മിറ്റി ചെയർമാന്റെ പ്രസ്താവന

ന്യൂഡൽഹി, ഏ. 12

"കാറപകടം തയ്യാറാക്കലോ, കോടതി വിചാരണയോ കൂടാതെ എന്താണീ തടങ്കൽ? ഏതെങ്കിലും ഒരു കോടതിയിൽ വിചാരണകൂടാതെ ഒരാളിനെ എപ്രകാരം അറസ്റ്റുചെയ്യ തടങ്കലിലാക്കാൻ കഴിയും എന്നെനിക്കു മനസ്സിലാവുന്നില്ല" എന്നാണ് ഇന്ത്യയിലെത്തിയ ഒരു അമേരിക്കൻ അഭിഭാഷകനും മൻഅമേരിക്കൻ ഡെമോക്രാറ്റിക്നാഷണൽ കമ്മിറ്റിയുടെ ചെയർമാനുമായ മി. സ്റ്റീഫൻ എ. മിച്ചൽ അഭിപ്രായപ്പെട്ടതു്.

"അമേരിക്കയിലെ ജനാധിപത്യ പ്രക്രിയ" എന്ന വിഷയത്തെക്കുറിച്ചു് ഇന്ത്യൻ ലാ ഇൻസ്റ്റിറ്റ്യൂട്ടിൽ മി. മിച്ചൽ ഒരു പ്രഭാഷണം നടത്തിയശേഷം അദ്ദേഹം ചില പോയ്ന്റുകൾ വ്യക്തമാക്കുന്നു.

"തടങ്കലിലാക്കപ്പെട്ടിട്ടുള്ള ഒരാൾ തീരുമാനിക്കപ്പെട്ടാൽ പാർലമെന്റിൽ ആ വ്യക്തിയുടെ പ്രവേശനം നിഷേധിക്കാൻ കഴിയുമോ എന്ന ചോദ്യത്തിനാണ് അദ്ദേഹം മേൽപ്രസ്താവന നൽകിയതു്.

തിരഞ്ഞെടുക്കപ്പെട്ട ഒരു നിയമസഭയിലെ അംഗത്തെ ഗവൺമെന്റിനു് വിധ്വംസക പ്രവർത്തനം ആരോപിച്ചു് തടവിൽ പാർപ്പിക്കുവാനോ അറസ്റ്റുചെയ്യുവാനോ ആ അംഗത്തിനു് നിയമസഭായോഗങ്ങളിൽ പ്രവേശനം നിഷേധിക്കുന്നതിനോ അമേരിക്കയിൽ അനുവാദമുണ്ടോ എന്നായിരുന്നു മറ്റൊരു ചോദ്യം.

അത്തരമൊരംഗത്തെ അറസ്റ്റുചെയ്യുന്നതിനോ തടങ്കലിലാക്കുന്നതിനോ നിയമമനുവദിക്കുന്നില്ലെന്നു് അമേരിക്കൻ അഭിഭാഷകൻ വ്യക്തമാക്കി.

അമേരിക്കയിൽ കോൺഗ്രസ്സിന്റെ ഒരു സഭ ഒരു വ്യക്തിക്കെതിരായി കാരണവും തയ്യാറാക്കുമ്പോൾ മറ്റേ സഭ ആ കേസിനെപ്പറ്റി വിധിയെഴുതുന്നതുമെന്നു് അദ്ദേഹം പറഞ്ഞു. രണ്ടാമത്തെ സഭ ആ വ്യക്തി കുറ്റക്കാരനാണെന്നുള്ള അഭിപ്രായത്തിൽ എത്തിക്കഴിഞ്ഞാൽ ഏതൊരു സാധാരണ പൗരനെപ്പോലെയും അയാളെ ഒരു നിയമകോടതിയിൽ വിചാരിക്കുന്ന ഏർപ്പാടാണ് അമേരിക്കയിൽ നടപ്പിലാക്കിയിട്ടുള്ളതു്.

അറബിജീരിയൻ വിപ്ലവനേതാക്കളുടെ മരണശിക്ഷ റദ്ദാക്കി

അറബിജീരിയേഴ്സ്,
[പി. ടി. ഐ] ഏ. 13

കഴിഞ്ഞ ശനിയാഴ്ച മരണത്തിനു വിധിക്കപ്പെട്ട പ്രമുഖ അറബിജീരിയൻ പ്രതിപക്ഷ നേതാവായ മുഹമ്മദ് ഹൊസീൻ എയ്ത് അഹമ്മദിന്റെ വധശിക്ഷ പ്രസിഡണ്ട് ബെൻബെല്ല റദ്ദാക്കിയിരിക്കുന്നതായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

പ്രതിവിപ്ലവ നടപടികൈക്കൊണ്ടതിനു്, മി. എയ്ത് അഹമ്മദിനെപ്പോലെ വധശിക്ഷക്കു് വിധിക്കപ്പെട്ട മറ്റൊരു റബൽ നേതാവായ മൊഹമ്മദ് ബെൻ അഹമ്മദിന്റെയും വധശിക്ഷ പ്രസിഡണ്ട് റദ്ദാക്കിയിട്ടുണ്ട്. നാലുദിവസത്തെ രഹസ്യവിചാരണക്കുശേഷമാണ് ഒരു ക്രിമിനൽ ട്രൈബ്യൂണലാണ് കോട്ട് ഈ ശിക്ഷ വിധിച്ചതു്.

ഒരു വലിയ മുസ്ലീം തീവ്രനാളായ 'എയ്ഡ്' എൽ കെബീർ' ടിനും സംബന്ധിച്ചാണ് ഈ ശിക്ഷാകാലം ഇളവു ചെയ്തതെന്നു് ഒരു ഔദ്യോഗിക കമ്മ്യൂണിക്കെയിൽ പറയുന്നു.

എയ്ത് അഹമ്മദിനുവേണ്ടി അനേകം ലോകനേതാക്കൾ പ്രസിഡണ്ടിനു് ദയാഹർജികൾ സമർപ്പിച്ചിട്ടുണ്ടു്.

ബെൻബല്ലായുടെ ഏറ്റവും വലിയ എതിരാളിയും ഒരു കാലത്തു് അദ്ദേഹത്തിന്റെ കൂട്ടുകാരനും ആയിരുന്ന അറബിജീരിയൻ യുദ്ധവേളയിൽ കൂട്ടുകാരനുമായ മി. എയ്ത് അഹമ്മദിന്റെ ജീവൻ രക്ഷിക്കുന്നതിനു വേണ്ടി ഏഷ്യൻ-ആഫ്രിക്കൻ നേതാക്കന്മാരോടു് അഭ്യർത്ഥിക്കുവാൻ, അഹമ്മദിന്റെ അഭിഭാഷകർ, ട്യൂനീഷിയായിലെത്തിയിരുന്നു.

....

ചവാൻ ബാങ്കളൂർ സന്ദർശനം റദ്ദുചെയ്തു

(പി. ടി. ഐ.) ന്യൂഡൽഹി ഏ. 12

രാജ്യരക്ഷാമന്ത്രി വൈ. ബി. ചവാൻ തന്റെ ബാങ്കളൂർ സന്ദർശനപരിപാടി റദ്ദുചെയ്തിരിക്കുന്നു.

മൻ തീരുമാനമനുസരിച്ചു് അദ്ദേഹം രണ്ടു ദിവസത്തെ ബാങ്കളൂർ സന്ദർശനത്തിനായി നാളെ ഡൽഹി വിടേണ്ടതായിരുന്നു. —0—

ളൂ.

ജനങ്ങളുടെ രാഷ്ട്രീയ ജീവിതത്തിൽ അമേരിക്കൻ സുപ്രധാനകോടതി ഒരു സുപ്രധാന പങ്കുവഹിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാണിച്ചു.

കക്ഷിരാഷ്ട്രീയക്കാരിടയിൽ മി. ബഹദൂർ ഗോംസുവ ട്ടറിനു് വമ്പിച്ച സ്വാധീനശക്തിയുണ്ടെന്നും അതുമൂലമാണു് പ്രസിഡണ്ടു് തിരഞ്ഞെടുപ്പിനു് റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായി പ്രത്യക്ഷപ്പെടാൻ അദ്ദേഹത്തിനു കഴിഞ്ഞതെന്നും മി. മിച്ചൽ മറ്റൊരു ചോദ്യത്തിനു സമാധാനം നൽകി. എന്നാൽ പൊതുജനാഭിപ്രായം മണത്തറിയാൻ അദ്ദേഹത്തിനു കഴിയാത്തതുമൂലമാണു് പരാജയം നേരിട്ടതെന്നും മിച്ചൽ പറഞ്ഞു.

....

തൃശ്ശൂർ വാർത്തകൾ

(സ്ഥലം) ഏപ്രിൽ 13

രാജാരവിവർമ്മയുടെ ജന്മദിനാഘോഷം

കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ രാജാരവിവർമ്മയുടെ ജന്മദിനം ഏപ്രിൽ 29-നു് വ്യാഴാഴ്ച തൃശ്ശൂർ ടൗൺഹാളിൽവച്ചു് ആഘോഷിക്കുന്നതാണു്. ഇതു സംബന്ധിച്ചുചേരുന്ന പൊതുയോഗത്തിൽ മാതൃഭൂമി ചീഫ് എഡിറ്റർ ശ്രീ. കെ. പി. കേശവമേനോൻ അദ്ധ്യക്ഷത വഹിക്കുന്നതായിരിക്കും.

രാജാ രവിവർമ്മയുടെ പുത്രൻ ആർട്ടിസ്റ്റു് രാമവർമ്മരാജ വരച്ച രവിവർമ്മയുടെ ഒരു ചായാചിത്രം തദവസരത്തിൽ അനാച്ഛാദനം ചെയ്യുന്നതാണു്. മദിരാശിയിലെ റിട്ടയേർഡ് ചീഫ് ജസ്റ്റിസ്സും ലളിതകലാ അക്കാദമി ചെയർമാനുമായ ഡോക്ടർ പി. വി. രാജമന്നാർ ഈ പടങ്ങൾ സംബന്ധിക്കുമെന്നും പ്രതീക്ഷിക്കപ്പെടുന്നു.

കഴിഞ്ഞ വർഷത്തെ പോസ്റ്റാഫീസു് നിക്ഷേപങ്ങൾ

കഴിഞ്ഞ സാമ്പത്തികവർഷം അവസാനിക്കുമ്പോൾ തൃശ്ശൂർ ഹൈസ്പോസ്റ്റാഫീസിന്റെ കീഴിലുള്ള വിവിധ തപാലാപ്പീസുകളിലായി 17,371 സേവിങ്സ് എക്കൗണ്ടുകളും ഈ എക്കൗണ്ടുകളിൽ മടക്കിയെടുത്തതു് കഴിച്ചു് 49,22,960.37 രൂപായുടെ നിക്ഷേപവും ഉണ്ടായിരുന്നു.

കഴിഞ്ഞ വർഷത്തിൽ 6,836 സംഖ്യ തനിക്ഷേപ എക്കൗണ്ടുകളും തൃശ്ശൂർ ഹൈപോസ്റ്റാഫീസിന്റെ കീഴിലുള്ള വിവിധ പോസ്റ്റാഫീസുകളിലായി ഉണ്ടായിരുന്നു.

കൊഴക്കുള്ളി സ്വദേശിയായ അന്തോണി (68) എന്നൊരു വൃദ്ധനേയും പടിഞ്ഞാറെ കോട്ടയിൽനിന്നും ജോണി എന്നൊരു യുവാവിനേയും ടിക്-20 കഴിച്ചു് അവശനിലയിൽ ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

അടിപിടി

ഒരു അടിപിടിയെത്തുടർന്നു് പരിക്കേറ്റ കാളി [60] എന്ന സ്ത്രീയെ ചേലക്കോട്ടുകരയിൽനിന്നു് ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

തീവണ്ടിയിൽനിന്നു വീണു

എറണാകുളത്തുനിന്നു വടക്കോട്ടുപോയിരുന്ന ജനതാ തീവണ്ടി ചാലക്കുടി സ്റ്റേഷനിലെത്തിയപ്പോൾ വണ്ടിയിൽനിന്നു വീണു് ത്രുതരമായി പരിക്കുപറ്റിയ തലശ്ശേരി സ്വദേശിയായ തോട്ടത്തിൽ രാഘവൻ (29) മണക്കടവത്തെ അബ്ദുൽ റഹിമാൻ (32) എന്നിവരെ ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

പോലീസ് മർദ്ദനം

ആളൂർ സ്വദേശിയായ ചൂണ്ടപ്പുരയ്ക്കൽ ഷൺമുഖൻ എന്നയാളെ പരിക്കേറ്റനിലയിൽ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

ഒരു അടിപിടിക്കേസിലെ പ്രതിയായ തന്നെ കൊടുകൈകളും പോലീസ് സ്റ്റേഷനിൽവച്ചു് കഠിനമായി മർദ്ദിച്ചതായി ഷൺമുഖൻ പറഞ്ഞിട്ടുണ്ടു്.

മരത്തിൽനിന്നു വീണു

കുറിച്ചിയിൽനിന്നും മൂത്തേടത്തു് വേലുമകൻ കിളുതി എന്നയാളേയും നടവരമ്പിൽനിന്നു് ദിവാകരൻ എന്നൊരു ബാലനേയും മരത്തുക്കരനിന്നു് പോൾ എന്ന മറ്റൊരു ബാലനേയും മരത്തിൽനിന്നുവീണു് പരിക്കേറ്റനിലയിൽ ചില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടു്. പുത്തൂർനിന്നു് ശിവരാമൻ (12) എന്നകുട്ടിയെ ഇന്നലെ മരത്തിൽനിന്നും വീണു പരിക്കേറ്റനിലയിൽ ആസ്പത്രിയിൽപ്രവേശിപ്പിച്ചുവെങ്കിലും പിന്നീടു് മൃതിയടഞ്ഞു.

യാത്രയയപ്പു്

അച്ചുവൈദ്യൻ തൃശ്ശൂർ തെക്കോട്ടുമുസ്ലീംവക എസ്. എൻ. എ ഔഷധശാലയിൽ ആരംഭകാലംമുതൽക്കുതന്നെ കാലമായി സേവനമനുഷ്ഠിച്ചിരുന്ന അച്ചുവൈദ്യൻ ശ്രീ ആവത്തിയും നാരായണൻ തമ്പി അവർകളും സ്ഥാനംമാറ്റി പ്രാക്ടീസ് ആരംഭിക്കുന്നതിനായി പോകുന്നതവസരത്തിൽ ഔഷധശാലാസ്റ്റാഫും സുഹൃത്തുക്കളുംചേർന്നു് ഹൃദ്യമായ ഒരു യാത്രയയപ്പു് നല്കിയിരിക്കുന്നു.

....

കോൺഗ്രസ് വിജയം

(പി. ടി. ഐ.) ബോംബെ ഏ. 13

പ്രജാസോഷ്യലിസ്റ്റ് പാർട്ടിസ്ഥാനാർത്ഥിയെ പരാജയപ്പെടുത്തിക്കൊണ്ടു് കോൺഗ്രസ് സ്ഥാനാർത്ഥി മി. ഫക്കീർറാവു സാവന്തു് മഹാരാഷ്ട്ര-ചലാസ്പൂർ നിയമസഭാമണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—

അനിഷ്ട

ചങ്ങനാശ്ശേരി, ഏ. 13

ഇന്നു് വെളുപ്പിനു് രണ്ടുമണിസമയത്തു് കൂടി വണ്ടിപേട്ടയ്ക്കടുത്തു് ഒരു ഇരുനിലകെട്ടിടത്തിന്റെ പിന്നിലുള്ള തിണ്ണയിൽ അടുക്കിവെച്ചിരുന്ന വിറകിൻകെട്ടുകൾക്കു് എങ്ങനെയോ തീപിടിച്ചു. തീ ആളിക്കത്തുന്നതു കണ്ട ആരോ ഒരാൾ അലാറം മുഴക്കിയപ്പോൾ അടുത്തുണ്ടായിരുന്നവർ ഓടിക്കൂടി അകത്തു കടന്നു് തീ തല്ലിക്കെടുത്തി. തന്മൂലം കൂടുതൽ അനിഷ്ടസംഭവങ്ങൾ ഒന്നും തന്നെ ഉണ്ടായില്ല.

[സ്വ ലേ]

പരിശീലനത്തിനു തെരഞ്ഞെടുത്തു

ചമ്പക്കുളം ഏ. 12

ഇംഗ്ലീഷ് അദ്ധ്യയനം സംബന്ധിച്ചു് ഏപ്രിൽ 21-നു് മുതൽ ബാങ്കളൂർ റീജിനൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന പരിശീലനക്ലാസിലേക്കു് സ്ഥലം സെന്റർ മേറ്റീസ് ഹൈസ്കൂളിലെ അദ്ധ്യാപകനായ മാത്യു പഞ്ഞിമരത്തിനെ തിരഞ്ഞെടുത്തിരിക്കുന്നു.

കേരളത്തിൽനിന്നും 25 പേരെയാണു് ഈ പരിശീലനത്തിനു് തിരഞ്ഞെടുത്തിട്ടുള്ളതു്.

[സ്വ. ലേ]

ഹോംഗാർഡ് ലീഡർഷിപ്പ് ട്രെയിനിങ്ങു്

തളിപ്പറമ്പു്, ഏ. 12

തളിപ്പറമ്പിൽവെച്ചു് ഹോംഗാർഡു് സബ്ബ്ഇൻസ്പെക്ടർ സദാനന്ദനേയും, ഹവിൽദാർ നാഗപ്പൻപിള്ളയുടെയും നേതൃത്വത്തിൽ 20 ദിവസമായി നടന്നുവരുന്ന "ഹോംഗാർഡു് ലീഡർഷിപ്പ് ട്രെയിനിങ്ങ്" ഇന്നലെ സമാപിച്ചിരിക്കുന്നു.

എക്സ്റ്റൻഡിഷൻ കേസിന്റെ വിചാരണ ഏ: 19 നു്

(പി. ടി. ഐ.) കൊളംബോ, ഏ. 13

കൈറോൺ കൊലക്കേസിലെ പ്രധാന പ്രതിയെന്നു സംശയിക്കപ്പെടുന്നതുമായ എക്സ്റ്റാഡിഷൻ കേസിന്റെ വിചാരണ, ഡിസ്ട്രിക്റ്റ് ജഡ്ജു് മി. ജനക്മാൻശ്രീവാസ്തവ ഏപ്രിൽ 19-തീയതിക്കു് തീട്ടപ്പെടുത്തിയിരിക്കുന്നു.

—

രാഷ്ട്രം തയ്യാറെടുക്കുന്നു തൃശൂർ പ്രദർശനനഗറിൽ വാർത്താ വിതരണ-പ്രക്ഷേപണവകുപ്പിന്റെ പവിലിയൻ

തൃശൂർ, ഏ. 12

കേന്ദ്ര വാർത്താവിതരണ-പ്രക്ഷേപണവകുപ്പിന്റെ എറണാകുളത്തുള്ള പ്രദർശനഘടകം തൃശൂർപൂരം പ്രദർശനനഗറിൽ പഞ്ചവത്സരപദ്ധതികളെയും ദേശീയ പ്രതിരോധത്തേയും കുറിച്ചു "രാഷ്ട്രം തയ്യാറെടുക്കുന്നു" എന്ന പേരിൽ വമ്പിച്ച നപ്രദമായ ഒരു പവിലിയൻ സംവിധാനം ചെയ്യുന്നതാണു്. പൂരാഘോഷങ്ങളോടനുബന്ധിച്ചു നടക്കുന്ന ഈ പ്രദർശനം ഏപ്രിൽ 23-നു് മുതൽ മേയ് 14-നു് വരെ ഉണ്ടായിരിക്കും.

ഒരു സോഷ്യലിസ്റ്റ് സാമൂഹ്യസമ്പദ്വ്യവസ്ഥയിലേക്കു് പ്രയാണം ചെയ്യുന്ന നമ്മുടെ രാജ്യത്തിലെ വിവിധങ്ങളും വിഭിന്നങ്ങളുമായ നിർമ്മാണപ്രവർത്തനങ്ങളെ ഇവിടെ ആവേശജനകമായി ചിത്രീകരിക്കുന്നതാണു്. സമ്പൽ സമൃദ്ധിയിലേക്കുള്ള രാജപാതയിലെ നാഴികക്കല്ലുകളായ പഞ്ചവത്സരപദ്ധതികളെക്കുറിച്ചും പദ്ധതികളിലൂടെ കൈവന്നിട്ടുള്ള അത്ഭുതകരമായ നേട്ടങ്ങളെപ്പറ്റിയും ഈ പവിലിയൻ വേണ്ടതു വിവരം നൽകും.

ഭാരതത്തിന്റെ അത്തിരികളിൽ വമ്പിച്ച ആക്രമണഭീഷണി നിലവിലുള്ള ഇന്നത്തെ സാഹചര്യത്തിൽ പൊറുനാടിന്റെ സ്വാതന്ത്ര്യവും അഭിമാനവും അഖണ്ഡതയും കാത്തുസൂക്ഷിക്കാൻ അരയും തലയും മുറുക്കി ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന ഒരു ജനതയുടെ ആവശ്യമതുയും ഈ പവിലിയണിൽ പ്രതിഫലിച്ചു കാണുന്നതാണു്. ചൈന ഭാരതത്തിൽ നടത്തിയ ഭൂമിയുമായ ആക്രമണത്തെക്കുറിച്ചുള്ള യഥാർത്ഥമായ വിവരങ്ങളും നൽകുന്ന ചിത്രങ്ങളും കാണാൻ ഈ പവിലിയണിൽ സൗകര്യമുണ്ടായിരിക്കും.

നേഫയുടേയും ലഡാക്കിന്റേയും വിസ്തൃതങ്ങളായ ഭൂപ്രദേശങ്ങളും ഇവിടെ പ്രദർശിപ്പിക്കുന്നതാണു്. നാമുടെ വീരന്മാരുടെ നേതൃത്വത്തിൽ ചൈന ഉന്നയിച്ചിട്ടുള്ള അവകാശവാദങ്ങളുടെ പൊള്ളത്തരം വിളിച്ചറിയിക്കാൻ തികച്ചും പോന്നവയാണു് ഈ പ്രദർശനങ്ങൾ. ചൂരുക്കത്തിൽ അത്യന്തം വിജ്ഞാനപ്രദവും ആവേശജനകവുമായിരിക്കും ഈ പവിലിയൺ.

—o—

സാധനവില കുറഞ്ഞിട്ടുണ്ടു്

കള്ളപ്പണം പുറത്തുവരുന്നില്ലെന്നു ടി. ടി കെ.

[പി. ടി. ഐ] ലക്നോ, ഏ. 12

സാധനവില ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നു് കേന്ദ്ര ധനകാര്യമന്ത്രി കൃഷ്ണമാചാരി ഇവിടെ ഒരു പത്രസമ്മേളനത്തിൽ പ്രസ്താവിച്ചു.

15 പോയിന്റുകൂടി പുരുക്കുവാൻ തങ്ങൾ ഉദ്ദേശിക്കുന്നുണ്ടെന്നും അദ്ദേഹം ഇതിനാവശ്യമായ നടപടികൾ എടുത്തിട്ടുണ്ടു്. അതിനു് ഫലമുണ്ടാകുമെന്നാണു് ആശ.

കള്ളപ്പണം ഗവണ്മെന്റിനെ ഏല്പിക്കണമെന്നുള്ള അഭ്യർത്ഥനക്കു് എന്തെങ്കിലും മെച്ചമുണ്ടായോ എന്ന ചോദ്യത്തിനു് ഇതുവരെ അതിനു കിട്ടിയ പ്രതികരണം അത്ര ഗുണകരമല്ലെന്നു് അദ്ദേഹം പറഞ്ഞു. പക്ഷേ മേയ് 31 നു് ഇനി രണ്ടരമാസമുണ്ടു്. അതിനിടക്കു് എന്താണു് സംഭവിക്കുന്നതെന്നു നോക്കാമെന്നു് അദ്ദേഹം പറഞ്ഞു. ചെറുകിടക്കച്ചവടം, ഇടത്തരക്കച്ചവടം ആളുകളാണു് ഈ അഭ്യർത്ഥനക്കനുസരിച്ചു് മുന്നോട്ടുവന്നിട്ടുള്ളതെന്നു് അദ്ദേഹം പറഞ്ഞിട്ടുണ്ടു്.

....

എന്റെ കുട്ടിയുടെ സുഖക്കേടു് ഭേദമായതിനു് നന്ദി





താമസിച്ചതിനു് ക്ഷമാപണം.
Mrs. C. C. THOMAS
PAVARATTY.

ഗ്രാമങ്ങളിലെ ബാങ്കിംഗ് പ്രവർത്തനങ്ങളുടെ പ്രധാന്യം പ്രധാനമന്ത്രിയുടെ പ്രസംഗം

[പി ടി ഐ] ന്യൂഡൽഹി, ഏ 13

ബാങ്കിംഗ് പ്രവർത്തനങ്ങൾ ഗ്രാമങ്ങളിലേയ്ക്കു് വ്യാപിപ്പിക്കണമെന്നു്, ഗ്രാമീണ മേഖലക്കു് ഒരു ഉച്ച അടിസ്ഥാനം ലഭിക്കുവാൻ സഹായകമാകുമെന്നു് പ്രധാനമന്ത്രി മി. ലാൽബഹദൂർശാസ്ത്രി പ്രസ്താവിച്ചിരിക്കുന്നു.

അതിർത്തിപ്രശ്നമുതൽ വിലക്കയറ്റം വരെയുള്ള എല്ലാ പ്രശ്നങ്ങളും, കാർഷിക-വ്യാവസായികസമ്പദ് ഘടനയെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ വിളിച്ചറിയിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

പഞ്ചാബ് നേഷണൽ ബാങ്കിന്റെ 70-മാംവാർഷികാഘോഷങ്ങളിൽ പങ്കെടുത്തുകൊണ്ടു് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഗ്രാമീണസമ്പദ്വ്യവസ്ഥയുടെ ആവശ്യങ്ങൾനേരിട്ടറിയുന്നതിനും ഗവണ്മെണ്ടിന്റെ ത്തുന്നശ്രമങ്ങളെപ്പറ്റി പ്രധാനമന്ത്രിവിശദീകരിച്ചു. നാലാംപദ്ധതിയുടെ അവസാനത്തോടെ ഒരു ലക്ഷത്തിലധികം ഗ്രാമങ്ങളെ വൈദ്യുതീകരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഗ്രാമീണജനതയുടെ ഭാവിയെ സംബന്ധിച്ചേടത്തോളം വിദ്യാഭ്യാസത്തിനു പ്രാധാന്യമായ ഒരു ഘടകമാണെന്നും അദ്ദേഹം പറഞ്ഞു.

—

നാഷണൽസർക്കസ് പ്രദർശനം വിനോദനികുതിയിൽനിന്നു് ഒഴിവാക്കി

[സ്വ പ്ര] തൃശൂർ, ഏ. 13

നാഷണൽ സർക്കസ്സിന്റെ പ്രദർശനം വിനോദനികുതിയിൽനിന്നും ഒഴിവാക്കാൻ ഇന്നലെ ചേർന്ന മുനിസിപ്പൽ കൌൺസിൽയോഗം തീരുമാനിച്ചിട്ടുണ്ടു്. നികുതി ഒഴിവാക്കണമെന്ന ശ്രീ തേറാട്ടിൽ ജെ ആർണിയുടെനിർദ്ദേശത്തിന്മേൽ തീരുമായ വാഗ്വാദപ്രതിവാദം നടന്നു. പ്രോഗ്രസ്സീവു് ബ്ലോക്കു് അംഗങ്ങൾ നികുതി ഒഴിവാക്കണമെന്നതിനെ ശക്തിയായി എതിർത്തു. ഇന്ത്യാഗവണ്മെന്റിനുള്ള വാഗ്വാദപ്രതിവാദത്തിനുശേഷം നിർദ്ദേശം വോട്ടിനിട്ടപ്പോൾ അനുകൂലാഭിപ്രായത്തിനു് ഭൂരിപക്ഷംകിട്ടി. ചെയർമാൻ ശ്രീ സി. സി. ജോർജ്ജു് യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു.

കലാനിലയം നാടകവേദി

തൃശൂർ പൂരത്തോടനുബന്ധിച്ച നടത്തപ്പെടുന്ന അഖിലേന്ത്യാ പ്രദർശനനഗറിൽ നടത്താനുദ്ദേശിച്ചിട്ടുള്ള കലാനിലയം വക നാടകവേദിയുടെ പ്രദർശനങ്ങളെ വിനോദനികുതിയിൽനിന്നും ഒഴിവാക്കാനും യോഗംതീരുമാനിച്ചു

....

വാഹനനികുതി പകുതിയായി കുറച്ചു

ആളൂർ, ഏ. 12

ആളൂർ പഞ്ചായത്തിലെ കാളവണ്ടി കുടുംബങ്ങൾക്കു് 8രൂപയും വാഹനനികുതി പിരിച്ചിരുന്നതു് പകുതിയായി കുറവു ചെയ്യണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് എ. സി. റപ്പായി, പി. ജി. ഉണ്ണികൃഷ്ണൻ എന്നിവർ അവതരിപ്പിച്ചിരുന്ന പ്രമേയത്തിന്റെ വെളിച്ചത്തിൽ പഞ്ചായത്തിന്റെ പ്രസ്തുത തീരുമാനത്തിനു് ഗവണ്മെണ്ടിൽനിന്നും ഉത്തരവു് ലഭിച്ചിരിക്കുന്നതായി അറിയുന്നു.

(സ്വ ലേ)

ആലപ്പുഴയിലെ "ഹാനീമാൻ ദിനം"

ആലപ്പുഴ, ഏ. 13

അഖിലകേരള ഹോമിയോപ്പതിക അസോസിയേഷൻ ആലപ്പുഴ ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്ഥലം എസ്സ്. ഡി. വി. ഹൈസ്കൂളിൽവച്ച "ഹാനീമാൻ ദിനം" (ഏപ്രിൽ 11) ആഘോഷിച്ചിരിക്കുന്നു. ഇതുസംബന്ധിച്ചു നടന്ന യോഗത്തിൽ ഡോ: വി. ഹബ്ബ് അദ്ധ്യക്ഷം വഹിച്ചു. ഡോ: കെ. ചീരാനാടൻ, ഡോ. പി. ഡോമിനിക്ക് ഫെർനാൻറസ് എന്നിവർ പ്രസംഗിച്ചു. ഡോ. വി. ജി. വാസുദേവൻ കൃതജ്ഞത പ്രകാശിപ്പിച്ചു.

നേരത്തെ ചേർന്ന കമ്മിറ്റിയിൽ സെക്രട്ടറി ഡോ. പി. ഡോമിനിക്ക് ഫെർനാൻറസ് അവതരിപ്പിച്ച വരുചെലവു കണക്കും റിപ്പോർട്ടും പാസാക്കുകയും "ജില്ലാ കൺവൻഷൻ" മേയ് അവസാനവാരത്തിൽ സൗകര്യപ്രദമായി നടത്തേണ്ടതാണെന്നും തീരുമാനിച്ചു. തേയിലസൽകാരത്തോടുകൂടി അഞ്ചുമണിക്കു് യോഗം സമംഗളം പര്യവസാനിച്ചു.

—

കള്ളുഷാപ്പു് സമരം തുടരുന്നു

ചാലക്കുടി ഏപ്രിൽ 12

കള്ളുഷാപ്പുകളിൽ നിന്നു് പിരിച്ചുവിടപ്പെട്ട തൊഴിലാളികളെ തിരിച്ചെടുപ്പിക്കുന്നതിനുവേണ്ടി തൃശ്ശൂർ ജില്ലാ മദ്യഷാപ്പു് എംപ്ലോയിസ് യൂണിയന്റെ ആഭിമുഖ്യത്തിൽ കള്ളുഷാപ്പുടമയായ ഐ. വി. ഗോവിന്ദൻ & കെ. കെ. കുഞ്ഞാണ്ടി കമ്പനിയുടെ ചാലക്കുടിയിലുള്ള ആഫീസ് പടിക്കൽ നടത്തിക്കൊണ്ടിരിക്കുന്ന സത്യാഗ്രഹസമരം 12-ാം ദിവസമായ ഇന്നും തുടരുകയാണു്.

ഇന്നു് ചാലക്കുടി അസി. ലേബർ കമ്മീഷണർ അനുരഞ്ജനകോൺഫ്രൻസ് വിളിച്ചിരുന്നെങ്കിലും ഷാപ്പുടമകൾ പങ്കെടുക്കാതിരിക്കുകയാണു് ഉണ്ടായതു്.

ആഫീസ് മാറ്റി സ്ഥാപിച്ചു

വെള്ളാംകല്ലൂർ, ഏപ്രിൽ 12

വടക്കുംകരപൂപംഗലം ഗ്രൂപ്പ് വില്ലേജ് ആഫീസ് കുളിയാടാൻ ബിൽഡിങ്സിലേക്കു് മാറ്റി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

—

Printed and Published by Paul Vappila for the A. C. P. Institute at the Thozhilali Press Trichur

പോസ്റ്റാഫീസ് വേണം

പഴുവിൽ ഏപ്രിൽ 12

'വെസ്റ്റ് പഴുവിൽ' എന്ന പേരിൽ ഒരു പോസ്റ്റാഫീസ് സ്ഥാപിച്ചുകിട്ടുവാൻ അപേക്ഷിച്ചതു് 30.462 ൽ ആണു്. അതിനുശേഷം അനവധി എഴുത്തുകുത്തുകൾ തൃശൂർ പോസ്റ്റൽ സൂപ്രണ്ടിനു് അയച്ചിട്ടുണ്ടു്. 15 ഓളം മരപടികളും കിട്ടിയിട്ടുണ്ടു്. 'ആലോചിക്കുന്നു' 'അന്വേഷിക്കുന്നു' കൂടുതൽ 'അന്വേഷിക്കുന്നു' 'ഉടനെ തുടങ്ങും' 'അടുത്തു് മരപടി കിട്ടും'. ഇതൊക്കെയാണു് അതിനാലഭിച്ചിരിക്കുന്ന മരപടികളുടെ മൂല്യം. 3000 ഓളം ജനങ്ങളുണ്ടു് ഇപ്രദേശത്തു് ഏതു പ്രകാരവും ഒരു പോസ്റ്റാഫീസിനും ഈ പ്രദേശത്തു് കഴിവുണ്ടു്. മൂന്നുകാര്യമായിട്ടും ഒരു തീരുമാനം ഉണ്ടാക്കുവാൻ അധികാരികൾക്കു് കടിയാത്തതിൽ നാട്ടുകാർക്കു് നിരാശയുണ്ടു്. തൃശൂർ പോസ്റ്റൽ സൂപ്രണ്ടു് ഇക്കാര്യം നിവർത്തിച്ചു തരുവാൻ താൽപ്പര്യപ്പെടുന്നു.

—

യാത്രയയപ്പു്

ഞമ്പിത്തണ്ണി, ഏ. 10

നിരവധി വർഷക്കാലം കുമ്പിത്തണ്ണി സ്കൂളിലെ അദ്ധ്യാപകനായിരുന്നു് ഈ വർഷം അവസാനം സർവ്വീസിൽനിന്നും പിരിഞ്ഞുപോകുന്ന എം. വി. മത്തായി മാസ്റ്റർക്കു് സ്കൂൾ സ്റ്റാഫിന്റെ വകയായി ഗംഭീരമായൊരു യാത്രയയപ്പു് നൽകിയിരിക്കുന്നു. ഇതുസംബന്ധിച്ചു് സ്കൂളിൽ ചേർന്ന യോഗത്തിൽ എം. കെ. ലക്ഷ്മണൻ അദ്ധ്യക്ഷം വഹിച്ചു. ചിത്തിരപുരം-അടിമാലി ഗവ: സ്കൂൾ ഹെഡ്മാസ്റ്ററന്മാരായ ഫിലിപ്പ് കുന്നത്തു്, തോമ്മസ്സു് ഡി. പുത്തൻപറമ്പിൽ, വിദ്യാർത്ഥികളായ വ